بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

2026 ജൂൺ 25 • ഹി.ശം 1405 ഇഹ്സാൻ 25 • ഹി. ഖ. 1448 മുഹറം 09

വാള്യം 11     ലക്കം 26

# ബദർ

വാരിക ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ



വിശുദ്ധ ഖുർആനിൽ നിന്ന്:

## അല്ലാഹുവിനെയും റസൂൽ(സ)നെയും അനുസരിക്കുക

تِلۡکَ اٰیٰتُ اللّٰہِ نَتۡلُوۡہَا عَلَیۡکَ بِالۡحَقِّ ۚ فَبِاَیِّ حَدِیۡثٍۭ بَعۡدَ اللّٰہِ وَاٰیٰتِہٖ یُؤۡمِنُوۡنَ۔ (الجاثیۃ:۷)

ഇതെല്ലാം അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളാണ്. തികച്ചും സത്യാധിഷ്ഠിതമായി നാം അവയെ നിനക്ക് വിവരിച്ചു തരുന്നു. അപ്പോൾ, അല്ലാഹുവിനും അവന്റെ ദൃഷ്ടാന്തങ്ങൾക്കും പുറമെ ഏതൊരു വാർത്തയിലാണ് അവർ വിശ്വസിക്കുക.

وَمَاۤ اٰتٰکُمُ الرَّسُوۡلُ فَخُذُوۡہُ ٭ وَمَا نَہٰکُمۡ عَنۡہُ فَانۡتَہُوۡا ۚ وَاتَّقُوا اللّٰہَ ؕ اِنَّ اللّٰہَ شَدِیۡدُ الۡعِقَابِ ۘ (الحشر:۸)

ദൈവദൂതൻ. ഏതൊന്ന് നിങ്ങൾക്ക് നൽകിയിട്ടുണ്ടോ അത് നിങ്ങൾ സ്വീകരിച്ചുകൊള്ളുക. ഏതൊന്നിനെ സംബന്ധിച്ച് അദ്ദേഹം നിങ്ങളെ വിലക്കിയിട്ടുണ്ടോ നിങ്ങളതിനെ വിട്ടൊഴിയുക. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു.



ഹദീസ്:

## ശരിയായ തീരുമാനം

أَنَّ رَسُوۡلَ اللّٰہِ ﷺ لَمَّا أَرَادَ أَنۡ یَبۡعَثَ مُعَاذًا إِلَی الۡیَمَنِ قَالَ کَیۡفَ تَقۡضِیۡ إِذَا عَرَضَ لَکَ قَضَآءٌ۔ قَالَ أَقۡضِیۡ بِکِتَابِ اللّٰہِ قَالَ فَإِنۡ لَمۡ تَجِدۡ فِیۡ کِتَابِ اللّٰہِ قَالَ فَبِسُنَّۃِ رَسُوۡلِ اللّٰہِ ﷺ قَالَ فَإِنۡ لَمۡ تَجِدۡ فِیۡ سُنَّۃِ رَسُوۡلِ اللّٰہِ قَالَ أَجۡتَہِدُ بِرَائِیۡ وَلَا اٰلُوۡ فَضَرَبَ رَسُوۡلُ اللّٰہِ ﷺ صَدۡرَہٗ فَقَالَ الۡحَمۡدُ لِلّٰہِ الَّذِیۡ وَفَّقَ رَسُوۡلَ رَسُوۡلِ اللّٰہِ ﷺ لِمَا یَرۡضٰی رَسُوۡلُ اللّٰہِ۔ (ابوداؤد کتاب القضاء باب اجتھاد الرای فی القضاء)۔

തിരുനബി(സ) ഹദ്റത്ത് മുആദ്(റ)നെ യമനിലേക്ക് അയക്കാൻ ഉദ്ദേശിച്ചപ്പോൾ ചോദിച്ചു: നിങ്ങൾക്ക് മുന്നിൽ കേസ്സ് എത്തിയാൽ നിങ്ങൾ എങ്ങനെയാണ് വിധി കൽപ്പിക്കുക?' അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ കിതാബ് (ഖുർആൻ) അനുസരിച്ച് ഞാൻ വിധി കൽപ്പിക്കും.

തിരുനബി(സ) ചോദിച്ചു: 'അല്ലാഹുവിന്റെ കിതാബിൽ കണ്ടെത്തിയില്ലെങ്കിലോ?' അദ്ദേഹം പറഞ്ഞു: അപ്പോൾ തിരുനബി(സ)യുടെ സുന്നത്ത് അനുസരിച്ച് ഞാൻ വിധി കൽപ്പിക്കും.

തിരുനബി(സ) ചോദിച്ചു: നബി(സ)യുടെ സുന്നത്തിലും കണ്ടെത്തിയില്ലെങ്കിലോ?' അദ്ദേഹം പറഞ്ഞു: അപ്പോൾ ഞാൻ എന്റെ അഭിപ്രായം വെച്ച് ഇജ്തിഹാദ് (വിചിന്തനം) ചെയ്യും, അതിൽ ഞാൻ ഒട്ടും അമാന്തം കാണിക്കുകയുമില്ല.

ഇത് കേട്ടപ്പോൾ തിരുനബി(സ) അദ്ദേഹത്തിന്റെ നെഞ്ചിൽ തട്ടിക്കൊണ്ട് പറഞ്ഞു: നബി(സ)ക്ക് തൃപ്തികരമായ കാര്യത്തിലേക്ക് നബി(സ)യുടെ ദൂതന് തൗഫീഖ് നൽകിയ അല്ലാഹുവിനാകുന്നു സർവ്വ സ്തുതിയും.

*(അബൂദാവൂദ്, കിതാബുൽ ഖളാ, ബാബു ഇജ്തിഹാദി റായി ഫിൽ ഖളാ).*



ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പാഠങ്ങൾ:

## ഖുർആൻ, സുന്നത്ത്, ഹദീസ്


ഞാൻ ഈ ലേഖനം എഴുതിയതിലൂടെ വ്യക്തമാക്കാൻ ഉദ്ദേശിക്കുന്ന സിറാത്തെ മുസ്തഖീം (നേരായ പാത) ഇതാണ്: ഇസ്ലാമിക മാർഗ്ഗനിർദ്ദേശങ്ങളിൽ നിലകൊള്ളാൻ മുസ്ലിംകളുടെ കൈവശം മൂന്ന് കാര്യങ്ങളാണുള്ളത്:

(1) വിശുദ്ധ ഖുർആൻ : ഇത് അല്ലാഹുവിന്റെ വേദഗ്രന്ഥമാണ്. ഇതിനേക്കാൾ ഉറപ്പുള്ളതും നിശ്ചിതവുമായ യാതൊരു വചനവും നമ്മുടെ കൈവശമില്ല. അത് അല്ലാഹുവിന്റെ വചനമാണ്. സംശയത്തിന്റെയും ഊഹാപോഹങ്ങളുടെയും മാലിന്യങ്ങളിൽ നിന്ന് അത് മുക്തമാണ്.

(2) സുന്നത്ത് : ഈ വിഷയത്തിൽ ഞങ്ങൾ അഹ്ലെ ഹദീസ് വിഭാഗത്തിന്റെ സാങ്കേതിക പദാവലികളിൽ നിന്ന് മാറിനിന്നാണ് സംസാരിക്കുന്നത്. അഥവാ, ഔദ്യോഗിക മുഹദ്ദിസുകളുടെ രീതിയിൽ നിന്ന് വ്യത്യസ്തമായി ഹദീസും സുന്നത്തും ഒന്നാണെന്ന് ഞങ്ങൾ കരുതുന്നില്ല. ഹദീസ് വേറെയും സുന്നത്ത് വേറെയുമാണ്. തിരുനബി(സ)യുടെ പ്രായോഗികമായ ജീവിതരീതിയെയാണ് ഞങ്ങൾ സുന്നത്ത് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അത് തവാത്തുർ (പരക്കെ അംഗീകരിക്കപ്പെട്ട തുടർച്ച) ഉൾക്കൊള്ളുന്നതും, തുടക്കം മുതൽ വിശുദ്ധ ഖുർആനോടൊപ്പം തന്നെ വെളിപ്പെട്ടതും, എപ്പോഴും കൂടെയുണ്ടാകാനിരിക്കുന്നതുമാണ്. അല്ലെങ്കിൽ മറ്റൊരു രീതിയിൽ പറഞ്ഞാൽ, വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ വചനവും സുന്നത്ത്

ശേഷം പേജ് 9ൽ

തഫ്സീർ:
ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)



## സുന്നത്തും ഹദീസും

ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്ത പത്താമത്തെ കാര്യം ഫിഖ്ഹിൽ (ഇസ്ലാമിക കർമ്മശാസ്ത്രം) വരുത്തിയ പരിഷ്കാരമാണ്. അതിൽ വളരെയധികം അപാകതകൾ കടന്നുകൂടുകയും പരിധിയില്ലാത്ത വിധം അഭിപ്രായവ്യത്യാസങ്ങൾ ഉടലെടുക്കുകയും ചെയ്തിരുന്നു. ഈ വിഷയത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ആവിഷ്കരിച്ച സുവർണ്ണ തത്വങ്ങൾക്കുള്ള ശരീഅത്തിന്റെ അടിസ്ഥാനം താഴെ പറയുന്ന കാര്യങ്ങളിലാണെന്ന് വ്യക്തമാക്കുകയും ചെയ്തു:

(1) വിശുദ്ധ ഖുർആൻ, (2) തിരുനബി(സ)യുടെ സുന്നത്ത്, (3) വിശുദ്ധ ഖുർആനും സുന്നത്തിനും യുക്തിക്കും വിരുദ്ധമല്ലാത്ത ഹദീസുകൾ, (4) തഫഖുഹ് ഫിദ്ദീൻ (ദീനിനെക്കുറിച്ചുള്ള ഗഹനമായ ഗവേഷണം), (5) പ്രകൃതത്തിലെയും സാഹചര്യങ്ങളിലെയും വ്യത്യാസങ്ങൾ.

സുന്നത്തിനെയും ഹദീസിനെയും വേർതിരിച്ചു കാണിച്ചു എന്നതാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മഹത്തായ നേട്ടങ്ങളിലൊന്ന്. തിരുനബി(സ) നിലകൊള്ളുകയും മറ്റുള്ളവരെ അതിനു വേണ്ടി പ്രേരിപ്പിക്കുകയും ചെയ്ത കർമ്മങ്ങളാണ് സുന്നത്ത് (തിരുചര്യ) എന്നും അതേസമയം നബി(സ)യുടെ വചനങ്ങളാണ് ഹദീസെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ) വ്യക്തമാക്കി.

ഈ അഞ്ച് തത്വങ്ങളിലൂടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) എത്ര വലിയ പരിഷ്കാരമാണ് വരുത്തിയതെന്ന് നോക്കുക.

ഏറ്റവും ഉന്നതമായ സ്ഥാനത്ത് വിശുദ്ധ ഖുർആനെ അവിടുന്ന് പ്രതിഷ്ഠിച്ചു. അത് അല്ലാഹുവിന്റെ വചനവും വിശദീകരണവും സമ്പൂർണ്ണവുമാണ്. അതിൽ മാറ്റം വരുത്താൻ ആർക്കും കഴിയില്ല, അതിന് സംരക്ഷണം നൽകുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. ഇങ്ങനെയുള്ള ഒരു വചനത്തേക്കാൾ വിശ്വസനീയമായി മറ്റെന്തുണ്ട്?

അതിനടുത്ത സ്ഥാനത്താണ് സുന്നത്ത്. ഇത് വെറും വചനങ്ങളുമായി ബന്ധപ്പെട്ടതല്ല, മറിച്ച് കർമ്മങ്ങളുമായി ബന്ധപ്പെട്ടതാണ്. തിരുനബി(സ) സ്വന്തം ജീവിതത്തിൽ നിത്യവും ആചരിച്ചിരുന്ന കർമ്മങ്ങളാണിവ. ആയിരക്കണക്കിന് ആളുകൾ അത് കാണുകയും അതേപടി പകർത്തിയെടുക്കുകയും ചെയ്തിരുന്നു. തിരുനബി(സ) ഇപ്രകാരം പറയുന്നത് ഞങ്ങൾ കേട്ടു എന്ന് ഒന്നോ രണ്ടോ മൂന്നോ ആളുകൾ സാക്ഷ്യപ്പെടുത്തുന്നതല്ല, മറിച്ച് തിരുനബി(സ) ഇത് ചെയ്യുന്നതു തങ്ങൾ കാണുകയും നബി(സ)യെ പിന്തുടർന്ന് പ്രസ്തുത കർമം തങ്ങൾ ആരംഭിക്കുകയും ചെയ്തുവെന്ന് ആയിരക്കണക്കിന് ആളുകൾ കർമ്മത്തിലൂടെ സാക്ഷ്യപ്പെടുത്തുന്നതാണ്. സുന്നത്തിൽ തെറ്റുകൾ സംഭവിക്കാനുള്ള സാധ്യത വളരെ കുറവാണ്. ഏതാനും

ശേഷം പേജ് 9 ൽ

**അഹ്മദിയ്യാ വാർത്ത**

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയുരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്, ഖാദിയാൻ

لَآ اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

**എഡിറ്റോറിയൽ**

# ഖുർആനും ഹദീസും: ഹദ്റത്ത് മസീഹ് മൗഊദ്(അ) നൽകിയ തീർപ്പ്

ഈ ദിവസങ്ങളിൽ സൗദി അറേബ്യയെ സംബന്ധിച്ച് അവർ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് 'മുതവാത്തിർ' ആയ ഹദീസുകൾ ഒഴികെയുള്ള മറ്റെല്ലാ ഹദീസുകളും സംശയാസ്പദമായി കണ്ട് തള്ളിക്കളഞ്ഞുവെന്ന് സോഷ്യൽ മീഡിയയിൽ ഒരു വാർത്ത് പ്രചരിക്കുന്നുണ്ട്. മുസ്‌ലിം ജനതയുടെ വികാരങ്ങളെ ആളിക്കത്തിക്കാനും വിലകുറഞ്ഞ പ്രശസ്തി നേടാനും വേണ്ടി ഇത്തരം വാർത്തകൾ രാപ്പകൽ സോഷ്യൽ മീഡിയയിൽ പ്രചരിപ്പിക്കുന്ന ചില മുസ്‌ലിം പുരോഹിതന്മാരോ അവരുടെ അനുയായികളോ ഇതിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്.

സൗദി അറേബ്യയുടെ സമ്പദ്‌വ്യവസ്ഥയെ എണ്ണ വരുമാനത്തിനപ്പുറം ശക്തമായ സാമ്പത്തിക അടിത്തറയിൽ എങ്ങനെ ഉറപ്പിക്കാം എന്ന ലക്ഷ്യത്തോടെ, കുറച്ചു വർഷങ്ങൾക്ക് മുമ്പ് തങ്ങളുടെ രാജ്യത്തെ സാമ്പത്തികസാമൂഹിക മേഖലകളിൽ മെച്ചപ്പെടുത്തുന്നതിനായി 'വിഷൻ 2030' എന്ന പേരിൽ സൗദി സർക്കാർ ഒരു പദ്ധതി ആസൂത്രണം ചെയ്തിരുന്നു എന്നതാണ് വാസ്തവം. വിനോദസഞ്ചാരം, സാങ്കേതികവിദ്യയിലെ നിക്ഷേപം വർദ്ധിപ്പിക്കൽ, ആധുനിക നഗരങ്ങളുടെ നിർമ്മാണം, വിനോദ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ നൽകൽ, അവരുടെ സ്വാതന്ത്ര്യത്തിലേക്കുള്ള ചുവടുവെപ്പുകൾ തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. ഇതിൽ ചില മതപരമായ പരിഷ്കാരങ്ങളും ഉൾപ്പെടുന്നു; നിയമനിർമ്മാണത്തിൽ ഖുർആനോടൊപ്പം 'മുതവാത്തിർ' ആയ ഹദീസുകളെ പ്രയോജനപ്പെടുത്തണമെന്നും, ഹദീസ് ഉഹാദും ഹദീസ് ഖബറും (അതായത് പരിമിതമായ നിവേദകരുള്ള ഹദീസുകൾ) തുടങ്ങിയവയ്ക്ക് താഴ്ന്ന പരിഗണന നൽകിയാൽ മതിയെന്നും പറയുന്നു.

സൗദി അറേബ്യൻ സർക്കാർ ഇക്കാര്യത്തിൽ നൽകിയ പ്രസ്താവനകളും, വെറും കാര്യങ്ങൾ പെരുപ്പിച്ചുകാട്ടി വിലകുറഞ്ഞ പ്രശസ്തി നേടാൻ ശ്രമിക്കുന്ന പുരോഹിതന്മാർ ഇതിനെക്കുറിച്ച് പറയുന്ന കാര്യങ്ങളും മാറ്റിവെച്ച്, ഖുർആൻ, സുന്നത്ത്, ഹദീസ് എന്നിവയിലൂടെ മാർഗ്ഗദർശനം തേടുന്നതിനെക്കുറിച്ച് ഇക്കാലഘട്ടത്തിലെ ദൈവനിയോഗിതൻ ആയ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ എന്താണെന്ന് നോക്കാം. ഉമ്മത്തിന് എവിടെയെല്ലാം പിഴവുകൾ സംഭവിച്ചിട്ടുണ്ടോ, എവിടെയെല്ലാം മാർഗ്ഗനിർദ്ദേശം ആവശ്യമായി വന്നിട്ടുണ്ടോ, അവിടെയെല്ലാം അല്ലാഹുവിന്റെ അനുമതിയോടെ ആ മഹാത്മാവ് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്.

അദ്ദേഹത്തിന്റെ ജീവിതകാലത്ത് അഹലെ ഖുർആൻ എന്ന വിഭാഗം നിലവിൽ വന്നിരുന്നു; അബ്ദുല്ല ചക്ടാലവിയും ഗുലാം അഹ്മദ് പർവേസിയുമായിരുന്നു ഇതിന്റെ സ്ഥാപകർ. ഇവരും അഹ്‌ലെ ഹദീസ് പണ്ഡിതന്മാർ തമ്മിലും നിരന്തരം സംവാദങ്ങൾ നടക്കാറുണ്ടായിരുന്നു. 1902ൽ അബ്ദുല്ല ചക്ടാലവിയും മുഹമ്മദ് ഹുസൈൻ ബടാലവിയും തമ്മിൽ നടന്ന സംവാദം അതിലൊന്നാണ്. അബ്ദുല്ല ചക്ടാലവി അഹ്‌ലെ ഖുർആൻ വിഭാഗക്കാരനും, മുഹമ്മദ് ഹുസൈൻ ബതാലവി അഹ്‌ലെ ഹദീസ് വിഭാഗക്കാരനുമായിരുന്നു. ഖുർആൻ മാത്രം വിശ്വസിക്കുകയും ഹദീസുകൾ പ്രായോഗികമല്ലെന്ന് കരുതുകയും ചെയ്യുന്നവരായിരുന്നു അബ്ദുല്ല ചക്ടാലവിയും അനുയായികളും. എന്നാൽ അല്ലാഹുവിന്റെ വേദഗ്രന്ഥമായ ഖുർആനെ സംബന്ധിച്ച് ഹദീസുകളാണ് ഖാളി അതായത് വിധി പറയേണ്ടതെന്നായിന്നു മൗലവി മുഹമ്മദ് ഹുസൈൻ ബടാലവിയുടെയും കൂട്ടരുടെയും പക്ഷം. ഇവർ രണ്ടുപേരും തങ്ങളുടെ വീക്ഷണങ്ങളിൽ തീവ്രമായ നിലപാടുകളിലേക്കാണ് ചെന്നെത്തിയത്.

ഈ സംവാദത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു അവലോകനം എഴുതിയിട്ടുണ്ട്. അത് റൂഹാനി ഖസാഇൻ വാല്യം 19ൽ റിവ്യൂ ബർ മുബാഹിസ ബടാലവി വ ചക്ടാലവി എന്ന പേരിൽ ലഭ്യമാണ്. വിശുദ്ധ ഖുർആനെയും ഹദീസുകളെയും സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) അവർക്ക് നൽകിയ ഉപദേശം താഴെ ചേർക്കുന്നു. മുസ്‌ലിം പണ്ഡിതർക്കും അവരുടെ ഭരണകൂടങ്ങൾക്കും പിന്തുടരാവുന്ന മാതൃകയാണിത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

നിങ്ങളുടെ സന്മാർഗ്ഗദർശത്തിനായി അല്ലാഹു നിങ്ങൾക്ക് നൽകിയ മൂന്ന് കാര്യങ്ങളുണ്ട്. ഒന്നാമത്തേത് വിശുദ്ധ ഖുർആൻ. മാർഗ്ഗദർശനത്തിന്റെ രണ്ടാമത്തെ സ്രോതസ്സ് സുന്നത്താണ്. അതായത്, തിരുനബി(സ) തന്റെ പ്രവൃത്തികളിലൂടെ കാണിച്ചുതന്ന പരിശുദ്ധമായ മാതൃകകൾ. ഉദാഹരണത്തിന്, നമസ്കാരം എങ്ങനെയായിരിക്കണമെന്ന് നമസ്കരിച്ച് കാണിച്ചുതന്നു, നോമ്പ് എങ്ങനെയായിരിക്കണമെന്ന് നോമ്പനുഷ്ഠിച്ചു കാണിച്ചുതന്നു. ഇതിന്റെ പേരാണ് സുന്നത്ത്. അതായത്, അല്ലാഹുവിന്റെ വചനത്തെ പ്രാവർത്തിക രൂപത്തിൽ കാണിച്ചുതന്ന പ്രവാചക ചര്യ, അതിന് സുന്നത്ത് എന്ന് പറയുന്നു. സന്മാർഗ്ഗ ദർശനത്തിന്റെ മൂന്നാമത്തെ സ്രോതസ്സ് ഹദീസാണ്. നബിതിരുമേനി(സ)ന്റെ വിയോഗത്തിന് ശേഷം പ്രവാചകമൊഴികൾ സമാഹരിക്കപ്പെട്ടതാണ് ഇത്. ഖുർആനിനേക്കാളും സുന്നത്തിനേക്കാളും താഴെയാണ് ഹദീസിന്റെ സ്ഥാനം. കാരണം മിക്ക ഹദീസുകളും ഉന്ന് അതായത് ഊഹാധിഷ്ഠിതമാണ് എന്നാൽ സുന്നത്ത് കൂടെയുണ്ടെങ്കിൽ അത് അതിന് സുദൃഡത ലഭിക്കുന്നതാണ്.

*(കശ്തീ നൂഹ്, പേജ് 33,34, നസാറത്ത് നശ്റോ ഇശാഅത്ത് ഖാദിയാൻ പ്രസിദ്ധീകരണം 2018).*

മേൽപ്പറഞ്ഞ രണ്ട് പണ്ഡിതന്മാർ തമ്മിലുള്ള സംവാദത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ അവലോകനത്തിൽ പറയുന്നു:

'യഥാർഥ്യം എന്തെന്നാൽ ഈ രണ്ട് വിഭാഗങ്ങളിൽ ഒരു വിഭാഗം അതിരുകവിഞ്ഞ നിലപാടും (ഇഫ്റാത്ത്), മറ്റേ വിഭാഗം തീർത്തും അവഗണിക്കുന്ന നിലപാടുമാണ് (തഫ്രീത്ത്) സ്വീകരിച്ചിരിക്കുന്നത്. ആദ്യ വിഭാഗമായ മുഹമ്മദ് ഹുസൈൻ സാഹിബ്, ഹദീസ് തള്ളിക്കളയേണ്ടതല്ല എന്ന കാര്യത്തിൽ ശരിയുടെ പക്ഷത്താണെങ്കിലും, സ്ഥാനക്രമം മറന്നുകൊണ്ട് ഹദീസിനെ സ്ഥാനത്തെ അങ്ങേയറ്റം ഉയരത്തിൽ പ്രതിഷ്ഠിക്കുന്നു; അത് വിശുദ്ധ ഖുർആന്റെ അന്തസ്സിനെ ബാധിക്കുകയും, അതിനെ നിഷേധിക്കേണ്ടി വരികയും ചെയ്യുന്നു. ഇത് വ്യക്തമായ തെറ്റാണ്, നീതിയുടെ പാതയിൽ നിന്നുള്ള വ്യതിയാനവുമാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: **ഫബി അയ്യ ഹദീസിൻ ബഅ്ദല്ലാഹി വ ആയാത്തിഹീ യുഅ്മിനൂൻ** (അല്ലാഹുവിനും അവന്റെ ആയത്തുകൾക്കും പുറമെ ഏത് ഹദീസിലാണ് അവർ വിശ്വസിക്കുന്നത്).

അവരുടെ (അഹ്‌ലെ ഹദീസുകാരുടെ) എതിരാളിയായ മൗലവി അബ്ദുല്ല സാഹിബ് തീർത്തും അവഗണിക്കുന്ന പാതയാണ് സ്വീകരിച്ചിരിക്കുന്നത്. അദ്ദേഹം ഹദീസുകളെ മൊത്തത്തിൽ നിഷേധിക്കുന്നു. ഹദീസുകളെ നിഷേധിക്കുന്നത് ഒരു തരത്തിൽ വിശുദ്ധ ഖുർആനെ നിഷേധിക്കുന്നതിന് തുല്യമാണ്. കാരണം അല്ലാഹു വിശുദ്ധ ഖുർആനിൽപറയുന്നു: ഖുൽ ഇൻ കുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്കു മുല്ലാഹ്. അതായത് അല്ലാഹുവിന്റെ സ്നേഹം തിരുനബി(സ) യോടുള്ള സ്നേഹവുമായി ബന്ധപ്പെട്ടിരിക്കുന്നു. ആ തിരുനബിയുടെ പ്രായോഗിക മാതൃകകൾ മനസ്സിലാക്കാനും അതിനെ പിന്തുടരാനുമ്മുള്ള ഒരു മാർഗ്ഗമാണ് ഹദീസ്. അതിനാൽ, ഹദീസിനെ ഉപേക്ഷിക്കുന്നവർ നബി(സ)നെ പിൻപറ്റുന്ന മാർഗ്ഗത്തെയും ഉപേക്ഷിക്കുന്നു..

# ഖുത്ബ ജുമുഅ

2026 മെയ് 08, 1405 ഹിജ്റത്ത് 08
മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസന്ധതയും നീതിനിഷ്ഠയും

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തെക്കുറിച്ച് വിവരിക്കുമ്പോൾ, അവിടുത്തെ സത്യസന്ധതയുടെ മാനദണ്ഡങ്ങളെക്കുറിച്ചുള്ള ചില കാര്യങ്ങൾ ഞാൻ പരാമർശിച്ചിരുന്നു. ചില സംഭവങ്ങൾ വിവരിക്കുകയും ചെയ്തിരുന്നു. ഇന്നും ചില സംഭവങ്ങൾ ഞാൻ കേൾപ്പിക്കുന്നതാണ്.**

ഹദ്റത്ത് മസീഹ് മൗഊദ്(അ)നു മേൽ ഡോക്ടർ ഹെൻറി മാർട്ടിൻ ക്ലാർക്ക് ഒരു കേസ് ഫയൽ ചെയ്തിരുന്നു. അതൊരു വധശ്രമക്കേസായിരുന്നു. അങ്ങേയറ്റം അപകടകരമായ കേസായിരുന്നു അത്. ഹെൻറി മാർട്ടിൻ ക്ലാർക്കിന്റെ ഈ കേസ്, തൂക്കുമരം വരെ ലഭിക്കാവുന്ന അത്ര അപകടകരമായിരുന്നു എന്ന് അവിടുന്ന് പറയുന്നു. യഹൂദികൾ റോമൻ കോടതിയിൽ ഹദ്റത്ത് ഈസാ(അ)വിനെതിരെ ഫയൽ ചെയ്ത കേസിനെക്കുറിച്ച് പരാമർശിച്ചുകൊണ്ട്, അത്തരമൊരു കേസ് തനിക്കെതിരെയും ഉണ്ടായി എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു.

മസീഹ്(അ)നെതിരെ യഹൂദികളായിരുന്നു കേസ് നൽകിയത്, എന്നാൽ ഈ ഭരണകൂടത്തിൽ എനിക്കെതിരെ കേസ് നൽകിയയാൾ മാന്യനായ ഒരു പാതിരിയും ഡോക്ടറുമായിരുന്നു. അതായത്, ഡോക്ടർ മാർട്ടിൻ ക്ലാർക്ക്, അദ്ദേഹം എനിക്കെതിരെ വധശ്രമക്കേസ് കെട്ടിച്ചമച്ചു. മൗലവി അബൂ സഈദ് മുഹമ്മദ് ഹുസൈൻ ബടാലവി, ഈ പ്രസ്ഥാനത്തിന്റെ കടുത്ത എതിരാളിയും ശത്രുവുമായ അദ്ദേഹം പോലും കോടതിയിൽ സാക്ഷി പറയാനെത്തി. തന്നാലാവുന്നത് പോലെ എനിക്കെതിരെ സാക്ഷി പറയുകയും കേസ് പൂർണ്ണമായും എനിക്കെതിരെ സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്തു.

ഗുർദാസ്പൂർ ഡെപ്യൂട്ടി കമ്മീഷണർ ക്യാപ്റ്റൻ ഡഗ്ലസിന്റെ കോടതിയിലായിരുന്നു ഈ കേസ്. അദ്ദേഹം ഇപ്പോൾ സിംലയിലാണെന്ന് അവിടുന്ന് പറയുന്നു, അപ്പോൾ അദ്ദേഹത്തിന് സ്ഥലംമാറ്റം ലഭിച്ചിരുന്നു. എന്തുതന്നെയായാലും, അദ്ദേഹത്തിന് മുൻപാകെ കേസ് പൂർണ്ണമായും തയ്യാറാക്കപ്പെട്ടു. തനിക്കെതിരെ വലിയ ആവേശത്തോടെയാണ് എല്ലാ സാക്ഷ്യങ്ങളും നൽകപ്പെട്ടതെന്ന് അവിടുന്ന് പറയുന്നു. അങ്ങനെയൊരു അവസ്ഥയിൽ, നിയമജ്ഞരോ ബുദ്ധിജീവികളോ ഞാൻ കുറ്റവിമുക്തനാകുമെന്ന് ഒരിക്കലും കരുതിയിരുന്നില്ല. കേസ് സെഷൻസ് കോടതിയിലേക്ക് മാറ്റപ്പെടുകയും അവിടെ നിന്ന് തൂക്കുമരമോ അല്ലെങ്കിൽ നാടുകടത്തലോ അതായത് ആജീവനാന്ത തടവോ ലഭിക്കുമായിരുന്നു. എന്നാൽ, കേസിന് മുൻപേ അല്ലാഹു എനിക്ക് വിവരം നൽകിയതുപോലെ, ഞാൻ ഇതിൽ കുറ്റവിമുക്തനാകുമെന്ന് നേരത്തെ തന്നെ വെളിപ്പെടുത്തിയിരുന്നു. ഇക്കാര്യം എന്റെ ജമാഅത്തിലെ വലിയൊരു വിഭാഗത്തിന് അറിയാമായിരുന്നു.

ചുരുക്കത്തിൽ, കേസ് ഈ ഘട്ടത്തിലെത്തിയപ്പോൾ, എന്നെ സെഷൻസ് കോടതിയിലേക്ക് അയക്കുമെന്ന് ശത്രുക്കളും എതിരാളികളും കരുതി. ആ അവസരത്തിൽ ക്യാപ്റ്റൻ ഡഗ്ലസ്, പോലീസ് ക്യാപ്റ്റനോട് പറഞ്ഞു: 'ഈ കേസ് കെട്ടിച്ചമച്ചതാണെന്ന് എന്റെ മനസ്സ് പറയുന്നു.' ജഡ്ജിയായിരുന്ന ക്യാപ്റ്റൻ സാഹിബിന് വിശ്വാസം വന്നില്ല. 'ഡോക്ടർ ക്ലാർക്കിനെ കൊല്ലാൻ വേണ്ടി ഇദ്ദേഹം ആളുകളെ അയച്ചു എന്നത് എന്റെ മനസ്സ് അംഗീകരിക്കുന്നില്ല. നിങ്ങൾ വീണ്ടും അന്വേഷണം നടത്തുക.' പോലീസ് കമാൻഡറോട് വീണ്ടും അന്വേഷിക്കാൻ ജഡ്ജിയുടെ മനസ്സിൽ അല്ലാഹു തോന്നിപ്പിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'എന്റെ എതിരാളികൾ എനിക്കെതിരെ എല്ലാത്തരം ഗൂഢാലോചനകളിലും ഏർപ്പെട്ടിരുന്ന സമയം ആയിരുന്നു, പ്രാർത്ഥനകൾക്ക് ഉത്തരമുണ്ടാകുമെന്ന് അവകാശപ്പെട്ടവർ പ്രാർത്ഥനകളിൽ മുഴുകിയിരുന്നു. അവർ ശ്രമിക്കുക മാത്രമല്ല, ഞാൻ ശിക്ഷിക്കപ്പെടാൻ വേണ്ടി കരഞ്ഞു പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ അല്ലാഹുവിനെ ആർക്ക് തോൽപ്പിക്കാൻ കഴിയും? ക്യാപ്റ്റൻ ഡഗ്ലസ് സാഹിബിന് ചില ശുപാർശകൾ ലഭിച്ചിരുന്നുവെന്ന് എനിക്കറിയാം, എന്നാൽ അദ്ദേഹം നീതിബോധമുള്ള ഒരു മജിസ്ട്രേറ്റ് ആയിരുന്നു. അദ്ദേഹം പറഞ്ഞു: 'ഞങ്ങൾക്ക് ഇങ്ങനെയുള്ള മോശമായ പ്രവൃത്തികൾ ചെയ്യാൻ കഴിയില്ല.' അതായത്, ഏതെങ്കിലും തീരുമാനത്തിൽ തെറ്റുണ്ടെങ്കിൽ, എനിക്ക് തെറ്റായ തീരുമാനമെടുക്കാൻ കഴിയില്ല.'

പിന്നീട് ഈ കേസ് വീണ്ടും അന്വേഷണത്തിനായി ക്യാപ്റ്റൻ ലെ മാർചാൻഡിന് കൈമാറിയപ്പോൾ, ക്യാപ്റ്റൻ സാഹിബ്, അബ്ദുൽ ഹമീദിനെ വിളിച്ച് സത്യം മാത്രം പറയാൻ ആവശ്യപ്പെട്ടു. ഡെപ്യൂട്ടി കമ്മീഷണർക്ക് മുൻപാകെ താൻ നേരത്തെ നൽകിയ അതേ മൊഴി തന്നെയാണ് അബ്ദുൽ ഹമീദ് അപ്പോഴും ആവർത്തിച്ചത്. അല്പം പോലും മാറിപ്പറഞ്ഞാൽ നീ പിടിയിലാകും എന്ന് അവനോട് നേരത്തെ തന്നെ പറഞ്ഞിട്ടുണ്ടായിരുന്നു, അതിനാൽ അവൻ അത് തന്നെ പറഞ്ഞു കൊണ്ടിരുന്നു. എന്നാൽ ക്യാപ്റ്റൻ സാഹിബ് അവനോട് പറഞ്ഞു: 'നീ നേരത്തെ ഇത് തന്നെയാണല്ലോ പറഞ്ഞത്. സാഹിബിന് ഇതിൽ തൃപ്തിയായില്ല, അതായത് മജിസ്ട്രേറ്റിന് സംതൃപ്തിയില്ല, കാരണം നീ സത്യം പറയുന്നില്ല.'

ക്യാപ്റ്റൻ ലെ മാർചാന്റ് വീണ്ടും നിർബന്ധിച്ചപ്പോൾ, അവൻ കരഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ കാൽക്കൽ വീഴുകയും തന്നെ രക്ഷിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു. ക്യാപ്റ്റൻ സാഹിബ് അവന് ധൈര്യം നൽകി സത്യം പറയാൻ ആവശ്യപ്പെട്ടു. അപ്പോൾ അവൻ തന്റെ യഥാർത്ഥ അവസ്ഥ വെളിപ്പെടുത്തുകയും തന്നെ ഭീഷണിപ്പെടുത്തിയാണ് ആ മൊഴി പറയിപ്പിച്ചതെന്ന് സമ്മതിക്കുകയും ചെയ്തു. 'മിർസാ സാഹിബ് ഒരിക്കലും എന്നെ കൊലപാതകത്തിനായി അയച്ചിട്ടില്ല' എന്ന് അവൻ വ്യക്തമാക്കി. ഈ മൊഴി കേട്ട് ക്യാപ്റ്റൻ സന്തോഷിക്കുകയും കേസ് തെളിയിച്ചതായി ഡെപ്യൂട്ടി കമ്മീഷണർക്ക് ടെലഗ്രാം അയക്കുകയും ചെയ്തു.

തുടർന്ന് ഗുർദാസ്പൂരിൽ വെച്ച് കേസ് വീണ്ടും പരിഗണിക്കുകയും അവിടെ വെച്ച് ക്യാപ്റ്റൻ ലെ മാർചാണ്ടിന്റെ സത്യവാങ്മൂലം രേഖപ്പെടുത്തുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: **'കോടതിയിൽ വെച്ച് ഡെപ്യൂട്ടി കമ്മീഷണർക്ക് സത്യം വെളിപ്പെട്ടതിൽ വലിയ സന്തോഷം തോന്നിയതായും, എനിക്കെതിരെ കള്ളസാക്ഷ്യം പറഞ്ഞ ആ ക്രിസ്ത്യാനികളോട് അദ്ദേഹത്തിന് കടുത്ത ദേഷ്യം തോന്നിയതായും ഞാൻ കണ്ടു. ആ ക്രിസ്ത്യാനികൾക്കെതിരെ കേസ് ഫയൽ ചെയ്യാമെന്ന് അദ്ദേഹം എന്നോട് പറഞ്ഞു. എന്നാൽ തനിക്ക് കോടതി വ്യവഹാരങ്ങളോട് വെറുപ്പായതുകൊണ്ട്, കേസ് കൊടുക്കാൻ താല്പര്യമില്ലെന്നും തന്റെ കേസ് അല്ലാഹുവിന്റെ കോടതിയിലാണെന്നും ഞാൻ മറുപടി നൽകി.'**

അപ്പോൾ തന്നെ ഡഗ്ലസ് സാഹിബ് വിധി പ്രസ്താവിച്ചു. അന്ന് വലിയൊരു ജനക്കൂട്ടം അവിടെ കൂടിയിരുന്നു. വിധി പ്രസ്താവി

ച്ചുകൊണ്ട് അദ്ദേഹം എന്നോട് പറഞ്ഞു: **'നിങ്ങൾക്ക് അഭിനന്ദനങ്ങൾ. നിങ്ങൾ കുറ്റവിമുക്തനായിരിക്കുന്നു.'**

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: 'ആ സമയത്ത് ലോകം മുഴുവൻ എന്റെ ശത്രുവായിരുന്നുവെന്ന് ഞാൻ കാണുകയായിരുന്നു. **ലോകം ഉപദ്രവിക്കാൻ തുനിഞ്ഞാൽ ഭിത്തികൾ പോലും ദ്രോഹിക്കാൻ തയ്യാറാകും.** എന്നാൽ സ്വന്തം സത്യസന്ധരായ ദാസന്മാരെ രക്ഷിക്കുന്നത് അല്ലാഹുവാണ്. ഞാൻ സത്യവാനായതുകൊണ്ടാണ് അല്ലാഹു എന്നെ രക്ഷിച്ചത്.

*(ലക്ചർ ലുധിയാന, റൂഹാനി ഖസാഇൻ വാല്യം 20, പേജ് 268-270 ൽ നിന്ന്)*

ഈ കേസിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസന്ധതയും ഉന്നതമായ സ്വഭാവഗുണങ്ങളും പ്രകടമാക്കുന്ന മറ്റൊരു സംഭവം, ജമാഅത്തിന് പുറത്തുള്ള മൗലവി ഫസൽ ദീൻ എന്ന വക്കീൽ വിവരിച്ചിട്ടുണ്ട്.

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി ഇർഫാനി(റ) തന്റെ **'ഹയാത്തെ അഹ്മദ്'** എന്ന പുസ്തകത്തിൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. അവിടുത്തെ സത്യസന്ധത തെളിയിക്കുന്ന മഹത്തായ ഒരു സദാചാര സംഭവമായി അദ്ദേഹം ഇതിനെ വിശേഷിപ്പിക്കുന്നു. **ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് സത്യത്തോട് എത്രമാത്രം സ്നേഹമുണ്ടായിരുന്നു എന്നത് ഈ സംഭവത്തിൽ നിന്ന് വ്യക്തമാണ്.**

ഈ സംഭവം മൗലവി ഫസൽ ദീൻ വക്കീൽ (മർഹൂം) വിവരിക്കുന്നത്, **'ദേശ്', 'ഹിന്ദുസ്ഥാൻ'**എന്നീ പത്രങ്ങളുടെ എഡിറ്ററും എന്റെ സുഹൃത്തുമായ ലാലാ ദീനാ നാഥ് എന്ന വ്യക്തിയുടെ വാക്കുകളിലൂടെ നമുക്ക് കേൾക്കാം. അദ്ദേഹം (ലാലാ ദീനാ നാഥ്) ഒരു ഹിന്ദുവും ശൈഖ് യഅ്ഖൂബ് അലി ഇർഫാനി(റ) യുടെ സുഹൃത്തുമായിരുന്നു. അദ്ദേഹം പറയുന്നു: 'എന്റെ ഹൃദയത്തിൽ മിർസാ സാഹിബിനോടുള്ള ആദരവ് എത്രത്തോളമാണെന്ന് നിങ്ങൾക്ക് അറിയാമോ? അദ്ദേഹത്തിന്റെ സ്ഥാനവും പദവിയും വളരെ മഹത്തായതാണെന്നാണ് ഞാൻ കരുതുന്നത്. അദ്ദേഹത്തിന്റെ വാദങ്ങളെക്കുറിച്ച് മന:ശാസ്ത്രപരമായ വശങ്ങളിൽ നിന്ന് നോക്കുമ്പോൾ, (ഇത് വക്കീൽ സാഹിബാണ് പറഞ്ഞത്) അത് മനസ്സിലാക്കുന്നതിൽ പിഴവുണ്ടായിട്ടുണ്ടെന്ന് ഞാൻ കരുതുന്നുണ്ടെങ്കിലും അതായത് അദ്ദേഹത്തിന്റെ വാദങ്ങൾ ശരിയല്ലെങ്കിലും അദ്ദേഹം ഒരു നല്ല മനുഷ്യനാണ്. **ഒരു മഹാത്മാവായും ആത്മീയ മനുഷ്യനായും അദ്ദേഹത്തെ ഞാൻ വളരെ വലിയ സ്ഥാനത്തുള്ള ഒരാളായുമാണ് കാണുന്നത്.** ഒരു പ്രത്യേക സംഭവത്തിലൂടെയാണ് എനിക്ക് അദ്ദേഹത്തെക്കുറിച്ച് ഈ വിശ്വാസമുണ്ടായത്.'

ആ സംഭവം അദ്ദേഹം വിവരിക്കുന്നു: 'ഹകീം ഗുലാം നബി 'സൂബ്ദത്തുൽ ഹുകമാ'യെയും മൗലവി ഫസൽ ദീൻ സാഹിബിനെയും നിങ്ങൾക്ക് അറിയാമല്ലോ.' (ഹിന്ദുവായ എഡിറ്റർ ഈ സംഭവം വിവരിക്കുമ്പോൾ മൗലവി ഫസൽ ദീൻ സാഹിബിന്റെ വാക്കുകൾ ഉദ്ധരിക്കുകയാണ്). അദ്ദേഹം പറയുന്നു: 'ഹകീം സാഹിബിന്റെ വീട്ടിൽ വൈകുന്നേരങ്ങളിൽ സുഹൃത്തുക്കൾ ഒത്തുകൂടാറുണ്ടായിരുന്നു. ഞാനും അവിടെ പോകാറുണ്ട്. ഒരു ദിവസം അവിടെ ചില സുഹൃത്തുക്കൾ ഒത്തുകൂടിയിരുന്നു. യാദൃശ്ചികമായി മിർസാ സാഹിബിനെക്കുറിച്ചുള്ള ചർച്ച വന്നു. ഒരാൾ അദ്ദേഹത്തെ വിമർശിക്കാൻ തുടങ്ങി, എന്നാൽ അത് മാന്യതയുടെയും സദാചാരത്തിന്റെയും അതിരുകൾ ലംഘിച്ചുകൊണ്ടുള്ള രീതിയിലായിരുന്നു.'

ഇതുകേട്ടപ്പോൾ, ഈ ഹിന്ദുവായ എഡിറ്റർ പറയുന്നതനുസരിച്ച്, മൗലവി ഫസൽ ദീൻ സാഹിബിന് വലിയ ദേഷ്യം വരികയും അദ്ദേഹം വലിയ വികാരത്തോടെ പറയുകയും ചെയ്തു: **'ഞാൻ മിർസാ സാഹിബിന്റെ മുരീദല്ല (അനുയായിയല്ല). അദ്ദേഹത്തിന്റെ വാദങ്ങളിൽ എനിക്ക് വിശ്വാസവുമില്ല. അതിന്റെ കാരണം എന്തോ ആകട്ടെ, എന്നാൽ മിർസാ സാഹിബിന്റെ മഹത്തായ വ്യക്തിത്വത്തെയും സദാചാരപരമായ പൂർണ്ണതയെയും ഞാൻ അംഗീകരിക്കുന്നു.** ഞാൻ ഒരു വക്കീലാണ്, പലതരം ആളുകൾ കേസ് സംബന്ധമായ കാര്യങ്ങൾക്കായി എന്റെ അടുത്തേക്ക് വരാറുണ്ട്. മറ്റുള്ള വക്കീലന്മാർ മുഖേനയും ആയിരക്കണക്കിന് ആളുകളെ ഞാൻ ഈ രംഗത്ത് കണ്ടിട്ടുണ്ട്.'

**'വളരെ നല്ല മനുഷ്യരെന്നു കരുതപ്പെടുന്നവർ പോലും, നിയമപരമായ ഉപദേശങ്ങളുടെ അടിസ്ഥാനത്തിൽ കേസുകളിൽ തങ്ങളുടെ മൊഴി മാറ്റേണ്ടി വന്നപ്പോൾ ഒട്ടും മടിക്കാതെ അത് മാറ്റിയിട്ടുണ്ട്. എന്നാൽ, സത്യത്തിന്റെ സ്ഥാനത്തുനിന്ന് തരിമ്പ് പോലും മാറാത്ത ഒരാളെ മാത്രമേ ഞാൻ എന്റെ ജീവിതത്തിൽ കണ്ടിട്ടുള്ളൂ, അത് മിർസാ സാഹിബാണ്.'**

ഈ കേസിൽ (പാതിരി ഹെൻറി മാർട്ടിൻ ക്ലാർക്കിന്റെ കേസ്) ഞാൻ അദ്ദേഹത്തിന്റെ വക്കീലായിരുന്നു. ആ കേസിൽ ഞാൻ അദ്ദേഹത്തിനായി ഒരു നിയമപരമായ മൊഴി തയ്യാറാക്കി അദ്ദേഹത്തിന്റെ മുൻപാകെ സമർപ്പിച്ചു. അത് വായിച്ച ശേഷം അദ്ദേഹം പറഞ്ഞു: 'ഇതിൽ കളവുണ്ട്.' ഞാൻ പറഞ്ഞു: 'പ്രതിയുടെ മൊഴി സത്യവാങ്മൂലമല്ല, തനിക്ക് ഇഷ്ടമുള്ളത് പറയാൻ നിയമം അദ്ദേഹത്തിന് അനുവാദം നൽകുന്നുണ്ട്.' ഇതിന് മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:

**'തനിക്ക് ഇഷ്ടമുള്ളത് പറയാൻ നിയമം അനുവാദം നൽകിയേക്കാം, എന്നാൽ കളവ് പറയാൻ അല്ലാഹു അനുവാദം നൽകിയിട്ടില്ല. നിയമത്തിന്റെ ഉദ്ദേശ്യവും അതല്ല. അതിനാൽ, വസ്തുതകൾക്ക് വിരുദ്ധമായ ഒരു മൊഴി നൽകാൻ ഞാൻ ഒരിക്കലും തയ്യാറല്ല. അതിനാൽ ശരിയായ കാര്യങ്ങൾ മാത്രമേ എനിക്ക് അവതരിപ്പിക്കാൻ കഴിയുകയുള്ളൂ.**

മൗലവി സാഹിബ്, വക്കീൽ സാഹിബ് പറഞ്ഞു: 'ഞാൻ പറഞ്ഞു, താങ്കൾ മന:പൂർവ്വം സ്വയം കുഴപ്പത്തിൽ ചാടുകയാണ്.' അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:

**'നിയമപരമായ മൊഴി നൽകി അന്യായമായ നേട്ടത്തിനായി എന്റെ അല്ലാഹുവിനെ കോപിപ്പിക്കുക എന്നതാണ് മന:പൂർവ്വം കുഴപ്പത്തിൽ ചാടൽ. എന്തു തന്നെ സംഭവിച്ചാലും എനിക്ക് അതിന് കഴിയില്ല.'**

ഈ ലാലാ ദീനാ നാഥ് എന്ന എഡിറ്റർ, ശൈഖ് യഅ്ഖൂബ് അലി ഇർഫാനി(റ)യോട് പറഞ്ഞു: 'മൗലവി ഫസൽ ദീൻ സാഹിബ് പറയുന്നതനുസരിച്ച്, മിർസാ സാഹിബ് ഈ കാര്യങ്ങൾ പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് പ്രത്യേകമായ ഒരു തേജസ്സും ആവേശവും ഉണ്ടായിരുന്നു.' ഞാൻ (വക്കീൽ) ഹദ്റത്ത് മസീഹ് മൗഊദ്(അ)മിനോട് പറഞ്ഞു: 'താങ്കൾക്ക് എന്റെ വക്കാലത്ത് കൊണ്ട് ഒരു ഗുണവുമുണ്ടാകില്ല.' അതിന് അവിടുന്ന് മറുപടി നൽകി:

'താങ്കളുടെ വക്കാലത്ത് കൊണ്ടോ മറ്റേതെങ്കിലും വ്യക്തിയുടെ പരിശ്രമം കൊണ്ടോ എനിക്ക് ഗുണമുണ്ടാകുമെന്ന് ഞാൻ ഒരിക്കലും കരുതിയിട്ടില്ല. ആരുടെയും എതിർപ്പ് കൊണ്ട് ഞാൻ നശിക്കുമെന്നും ഞാൻ കരുതുന്നില്ല. **എന്റെ ഹൃദയത്തെ കാണുന്ന അല്ലാഹുവിലാണ് എന്റെ ആശ്രയം.** താങ്കളെ വക്കീലാക്കിയത് മര്യാദയുടെ ഭാഗമായിട്ടാണ്. താങ്കൾ എന്റെ കാര്യത്തിൽ സത്യസന്ധനാണെന്ന് എനിക്കറിയാം, അതുകൊണ്ടാണ് താങ്കളെ നിയോഗിച്ചത്.'

'ഇതൊരു ബാഹ്യമായ മാർഗ്ഗം മാത്രമാണ്, അത് ഉപയോ

• ഹദീഥുന്നബ്‌വി ﷺ •

"അക്‌രിമൂ ഔലാദക്കും."
നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വി ﷺ •

"അൽഅമാനത്തു ഇസ്സുൻ."
വിശ്വസ്തത അന്തസ്സാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

ഗിക്കേണ്ടതുണ്ട്. അതിനാൽ ഞാൻ ചെയ്യുന്നു. **അല്ലാതെ താങ്കളിലല്ല എന്റെ ആശ്രയം.'** മൗലവി ഫസൽ ദീൻ സാഹിബ് തുടർന്നു: ഞാൻ തയ്യാറാക്കിയ ഈ മൊഴി തന്നെയാണ് നല്ലതെന്ന് 'ഞാൻ വീണ്ടും പറഞ്ഞു. എന്നാൽ മിർസാ സാഹിബ് പറഞ്ഞു:

'വേണ്ട! ഞാൻ സ്വന്തമായി എഴുതുന്ന മൊഴി, പരിണതഫലങ്ങളെക്കുറിച്ച് ചിന്തിക്കാതെ അത് തന്നെ സമർപ്പിക്കുക. അതിൽ ഒരു വാക്ക് പോലും മാറ്റരുത്. താങ്കളുടെ നിയമപരമായ മൊഴിയേക്കാൾ ഇത് ഫലപ്രദമായിരിക്കുമെന്ന് ഞാൻ പൂർണ്ണ വിശ്വാസത്തോടെ പറയുന്നു. താങ്കൾ ഭയപ്പെടുന്ന ആ ഫലം ഉണ്ടാവില്ല, മറിച്ച് **പര്യവസാനം ഇൻശാ അല്ലാഹ് ശുഭകരമായിരിക്കും. ഇനി ഒരുവേള ലോകത്തിന്റെ ദൃഷ്ടിയിൽ ഫലം മോശമാണെന്ന് കരുതുക, അതായത് എനിക്ക് ശിക്ഷ ലഭിച്ചാലും, എനിക്ക് അതിൽ പരിഭവമില്ല. കാരണം, എന്റെ റബ്ബിനെ ഞാൻ ധിക്കരിച്ചില്ല എന്നതിലാണ് എന്റെ സന്തോഷം.'**

ലാലാ ദീനാ നാഥ് പറയുന്നു: 'മൗലവി ഫസൽ ദീൻ സാഹിബ് വലിയ ആവേശത്തോടും ആത്മാർത്ഥതയോടും കൂടി മിർസാ സാഹിബിന്റെ പ്രതിരോധം വിവരിച്ചു. അദ്ദേഹം പറഞ്ഞു, മിർസാ സാഹിബ് സ്വന്തം കൈപ്പടയിൽ മൊഴി എഴുതി നൽകി.' **അല്ലാഹുവിന്റെ അത്ഭുതകരമായ ഖുദ്റത്ത് നോക്കൂ, അദ്ദേഹം പറഞ്ഞതുപോലെ തന്നെ ആ മൊഴിയുടെ അടിസ്ഥാനത്തിൽ അദ്ദേഹം കുറ്റവിമുക്തനായി!**

മൗലവി ഫസൽ ദീൻ സാഹിബ് അദ്ദേഹത്തിന്റെ സത്യസന്ധതയെക്കുറിച്ചും, സത്യത്തിനു വേണ്ടി ഏത് പ്രയാസവും ഏറ്റെടുക്കാനുള്ള അദ്ദേഹത്തിന്റെ ധൈര്യത്തെക്കുറിച്ചും വിവരിച്ചപ്പോൾ സദസ്സിലുള്ളവർക്ക് വല്ലാത്തൊരു ആത്മീയ അനുഭൂതിയുണ്ടായി. അവിടെയിരുന്ന എതിരാളികളായ ആളുകൾ പോലും നിശബ്ദരായിപ്പോയി. പിന്നീട് ചിലർ ചോദിച്ചു: 'എങ്കിൽ താങ്കൾ എന്തുകൊണ്ട് മുരീദാവുന്നില്ല (അനുയായിയാകുന്നില്ല)?' അപ്പോൾ അദ്ദേഹം പറഞ്ഞു: 'അത് എന്റെ വ്യക്തിപരമായ കാര്യമാണ്, അതിനെക്കുറിച്ച് ചോദിക്കാൻ നിങ്ങൾക്ക് അവകാശമില്ല. **അദ്ദേഹം പൂർണ്ണനായ ഒരു സത്യവാനാണെന്ന് ഞാൻ വിശ്വസിക്കുന്നു, എന്റെ ഹൃദയത്തിൽ അദ്ദേഹത്തിന് വലിയ സ്ഥാനമുണ്ട്.'**

*(കിതാബിയാത്ത് പാകിസ്ഥാൻ കെ അഖ്ബാറാത്ത് ഔർ റസാഇൽ 1947 തക്, ഡോ. അബൂ സൽമാൻ ഷാ ജഹാൻപുരി, പേജ് 120, 236; അൽ ഹകം നമ്പർ 41, വാല്യം 37, 1934 നവംബർ 14, പേജ് 3, 4; ഹയാത്ത് അഹ്മദ്(അ), വാല്യം 4, പേജ് 566-569)*

ഈ സംഭവത്തെക്കുറിച്ച് മാസ്റ്റർ നസീർ ഹുസൈൻ സാഹിബിന്റെ ഒരു വിവരണമുണ്ട്. ഹൈക്കോടതിയിലെ അഭിഭാഷകനായിരുന്ന മൗലവി ഫസൽ ദീൻ (മർഹൂം) ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)വിനോട് വലിയ ആദരവുണ്ടായിരുന്നു എന്നും സാധാരണയായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കേസുകളിൽ അദ്ദേഹം ഹാജരാകാറുണ്ടായിരുന്നു എന്നും അദ്ദേഹം പറയുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉന്നത ഗുണങ്ങളുള്ള പൂർണ്ണ സത്യവാനാണെന്ന് താൻ വിശ്വസിക്കുന്നു എന്ന് മൗലവി ഫസൽ ദീൻ തന്നോട് പറഞ്ഞതായി മാസ്റ്റർ നസീർ ഹുസൈൻ രേഖപ്പെടുത്തുന്നു.

എന്റെ അന്വേഷണത്തിന് മറുപടിയായി അദ്ദേഹം ഒരു സംഭവം വിവരിച്ചു:

'ഹദ്റത്ത് മസീഹ് മൗഊദ്(അ)യും ഡെപ്യൂട്ടി മാർട്ടിൻ ക്ലാർക്കും തമ്മിലുള്ള കേസിൽ ഞങ്ങൾ ഹാജരായിരുന്നു. അബ്ദുൽ ഹമീദ് എന്നൊരാൾ, മാർട്ടിൻ ക്ലാർക്കിനെ കൊല്ലാൻ വേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെ അയച്ചതാണെന്ന് കോടതിയിൽ മൊഴി നൽകി. ലഹോറിലെ വക്കീലായിരുന്ന മൗലവി ഫസൽ ദീൻ, വക്കീൽ എന്ന നിലയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞു: 'അബ്ദുൽ ഹമീദിനെ എനിക്കറിയില്ല എന്ന് താങ്കൾ കോടതിയിൽ പറയണം. ബാക്കി നടപടികൾ ഞങ്ങൾ നോക്കിക്കൊള്ളാം.' അദ്ദേഹത്തെ എനിക്കറിയില്ല എന്ന് മാത്രം പറഞ്ഞാൽ മതിയെന്ന് ഞങ്ങൾ പലതരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞു. അങ്ങനെ ചെയ്താൽ വിജയം ഉറപ്പാണെന്നും അല്ലാത്തപക്ഷം മോചനം അസാധ്യമാണെന്നും ഞങ്ങൾ പറഞ്ഞു.'

വക്കീൽ സാഹിബ് പറയുന്നു: 'ഞങ്ങളുടെ നിർദ്ദേശങ്ങളെല്ലാം കേട്ട ശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: **'സത്യം സ്ഥാപിക്കാനാണ് ഞാൻ ലോകത്തേക്ക് വന്നത്. തൂക്കുമരം ലഭിച്ചാലും ഞാൻ ഒരു കാരണവശാലും കളവ് പറയില്ല. എനിക്ക് അബ്ദുൽ ഹമീദിനെ അറിയാം. അയാൾ ഖാദിയാനിൽ വരാറുണ്ടായിരുന്നു. എന്തു തന്നെ സംഭവിച്ചാലും എനിക്ക് അത് നിഷേധിക്കാൻ കഴിയില്ല.'**

മൗലവി ഫസൽ ദീൻ വക്കീൽ തുടർന്നു: 'ജീവൻ രക്ഷിക്കുക എന്നത് കടമയാണെന്ന് ഞങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞു. അതിനാൽ കളവ് പറയാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ, അദ്ദേഹത്തെ അറിയാം എന്ന് വ്യക്തമാകാത്ത വിധം ഒഴിഞ്ഞുമാറി മറുപടി നൽകുക. കളവല്ല, എന്നാൽ അല്പം അവ്യക്തമായ ഒരു മറുപടി മതി.'

അതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) മറുപടി നൽകിക്കൊണ്ട് പറഞ്ഞു: 'എനിക്ക് അങ്ങനെയും ചെയ്യാൻ കഴിയില്ല. **ലോകത്തിന് മുന്നിൽ എന്റെ മാതൃക അവതരിപ്പിക്കാനാണ് അല്ലാഹു എന്നെ അയച്ചത്. ജീവൻ രക്ഷിക്കാൻ വേണ്ടി അങ്ങനെയൊരു മാതൃക കാണിക്കാൻ ഞാൻ തയ്യാറല്ല. സത്യം പറയുന്നതുകൊണ്ട് എന്റെ ജീവൻ നഷ്ടപ്പെട്ടാലും ഞാൻ വിജയിച്ചു കഴിഞ്ഞു.'**

മൗലവി ഫസൽ ദീൻ സാഹിബ് (ഇദ്ദേഹം അഹ്മദിയ്യാ പ്രസ്ഥാനത്തിൽ പെട്ട ആളായിരുന്നില്ല) പറയുന്നു: 'ഞങ്ങൾ അപ്പോൾ പൂർണ്ണമായും നിരാശരായി. കോടതിയിൽ വെച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ), അബ്ദുൽ ഹമീദിനെ തനിക്കറിയാമെന്ന് വ്യക്തമായി മൊഴി നൽകി. അതോടെ അദ്ദേഹം ശിക്ഷിക്കപ്പെടുമെന്ന് ഞങ്ങൾ ഉറപ്പിച്ചു. എന്നാൽ, ഈ കേസിൽ അവിടുത്തേക്ക് ലഭിച്ച അല്ലാഹുവിന്റെ സഹായം കണ്ട് ഞങ്ങൾ അമ്പരന്നുപോയി. അല്ലാഹു തന്റെ ദാസനെ എപ്രകാരമാണ് സഹായിച്ചതെന്നും, എത്രയും ഗൗരവകരമായ ആ കേസിൽ അദ്ദേഹം മാന്യമായി കുറ്റവിമുക്തനായി വിജയം വരിച്ചതും കണ്ടപ്പോൾ ഞങ്ങൾ അത്ഭുതപ്പെട്ടു.

*(രിവായാത്ത് അസ്ഹാബെ അഹ്മദ്, വാല്യം 3, പേജ് 173,174)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: **'തിരുനബി(സ)യുടെ സ്വഹാബികൾ(റ) വെട്ടിനുറുക്കപ്പെട്ടെങ്കിലും സത്യം പറയുന്നതിൽ നിന്ന് അവർ പിന്മാറിയില്ല. അവർ ചരിത്രത്തിൽ സമാനതകളില്ലാത്ത വിജയങ്ങൾ കൈവരിച്ചു. അതിന്റെ കാരണമെന്താണ്? അവരിൽ ആത്മാർത്ഥതയുണ്ടായിരുന്നു. സത്യസന്ധതയും വിശ്വസ്തതയും ഉണ്ടായിരുന്നു. ഇങ്ങനെയുള്ള കാര്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യുന്നവർ (മസ്ലഹത്തുകൾ നോക്കുന്നവർ) ഭൗതികവാദികളാണ്.**

അല്ലാഹുവിൽ പൂർണ്ണ വിശ്വാസമർപ്പിക്കുകയും അവനുവേണ്ടി മാത്രം കാര്യങ്ങൾ ചെയ്യുന്നവരും സത്യം പറയാൻ മടിക്കുന്നില്ല. അവർക്ക് അല്ലാഹുവിന്റെ സഹായം ലഭിക്കുമെന്ന് അവർക്കറിയാം. **അല്ലാഹുവിന്റെ ദാസന്മാർ കളവ് പറയില്ല, സത്യം പറയുന്നതിൽ നിന്ന് അവർ ഒളിച്ചോടില്ല.** മസീഹ് മൗഊദ് ആണെന്ന് വാദിക്കുമ്പോൾ അതിന് എന്തു മറുപടിയാണ് നൽകാനുള്ളത് എന്ന് ആരെങ്കിലും ചോദിച്ചാൽ ഞാൻ പറയും, സത്യസന്ധതയും ധീരതയും കൂടാതെ കാര്യം നടക്കില്ല.

ഞങ്ങൾക്ക് നേരെ എത്രയോ കേസുകൾ ഉണ്ടായിട്ടുണ്ട്, പക്ഷെ അതിന്റെ പരിണിത് എന്തായിരുന്നു? ഇതിനെയെല്ലാം ഭയന്ന് ഞങ്ങൾ പിന്നോട്ട് പോയിട്ടുണ്ടെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? അത് അല്ലാഹുവിൽ പങ്കുചേർക്കുന്നതിന് തുല്യമാണ്. അല്ലാഹു ഉണ്ടെന്നും അവൻ തന്റെ ആത്മാർത്ഥരായ ദാസന്മാരെ സഹായിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. **സത്യസന്ധമായ മനസ്സോടെ ആരെങ്കിലും 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് പറഞ്ഞാൽ അല്ലാഹു അവനോടൊപ്പം ഉണ്ടാകും എന്ന് ഞാൻ സത്യം ചെയ്തു പറയുന്നു. ഈ ആത്മീയ ചൈതന്യം**

**• ഹദീഥുന്നബവി ﷺ •**

**"തഅല്ലമുൽയഖീന."**

**ദൃഢജ്ഞാനം ആർജിക്കുവിൻ.**

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

**ഉളവാക്കുന്ന ഏക മതം ഇസ്ലാം മാത്രമാണ്.** *(മൽഫൂസാത്ത് വാല്യം 9, പേജ് 254, 2022 എഡിഷൻ)*

ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നു വേണ്ടി മാത്രം പ്രത്യേകമായുള്ളതല്ല. അവിടുന്ന് പറയുന്നത് ഇത് എല്ലാവർക്കും ബാധകമാണ് എന്നാണ്. സത്യസന്ധമായ മനസ്സോടെ ആരാണോ അല്ലാഹുവിൽ വിശ്വസിക്കുന്നത്, അവർ തീർച്ചയായും രക്ഷിക്കപ്പെടും.

ബാല്യകാല സുഹൃത്തായ ഒരു ഹിന്ദുവിന്റെ സാക്ഷ്യം ഇങ്ങനെയാണ്: 'ചെറുപ്പം മുതൽ മിർസാ ഗുലാം അഹ്മദിനെ എനിക്കറിയാം. ഞാനും അദ്ദേഹവും ഒരേ പ്രായക്കാരാണ്. ഖാദിയാനിൽ ഞാൻ എപ്പോഴും സന്ദർശിക്കാറുണ്ട്. അന്ന് ഉണ്ടായിരുന്ന അതേ ഉത്തമ സ്വഭാവവും സൽഗുണങ്ങളും തന്നെയാണ് ഇപ്പോഴും അദ്ദേഹത്തിനുള്ളത്.'

**അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തെക്കുറിച്ച് പറയുകയാണ്: 'സത്യസന്ധൻ, വിശ്വസ്തൻ, നന്മയുള്ളവൻ. മിർസാ സാഹിബിന്റെ രൂപം സ്വീകരിച്ച് പരമേശ്വരൻ (ദൈവം) ഭൂമിയിൽ ഇറങ്ങിയിരിക്കുകയാണെന്നും, പരമേശ്വരൻ സ്വന്തം പ്രഭാവം അദ്ദേഹത്തിലൂടെ കാണിച്ചുതരികയാണെന്നുമാണ് ഞാൻ വിശ്വസിക്കുന്നത്.**

*(തദ്കിറത്തുൽ മഹ്ദി, ഭാഗം 2, ഹദ്റത്ത് പീർ സിറാജുൽ ഹഖ് സാഹിബ് നുഅ്മാനി(റ), പേജ് 303)*

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മൂത്ത പുത്രൻ മിർസാ സുൽത്താൻ അഹ്മദ് സാഹിബ് എഴുതുന്നു: 'പിതാവ് എല്ലായ്പ്പോഴും ദീനിന്റെ കാര്യങ്ങളിൽ മുഴുകിയിരിക്കുമായിരുന്നു. വീട്ടുകാർക്ക് അദ്ദേഹത്തിൽ പൂർണ്ണ വിശ്വാസമായിരുന്നു. ഗ്രാമവാസികൾക്കും അദ്ദേഹത്തിൽ വലിയ വിശ്വാസമായിരുന്നു. എതിരാളികളായ ബന്ധുക്കൾ പോലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസന്ധതയെ അംഗീകരിച്ചിരുന്നു. തർക്കങ്ങൾ ഉണ്ടാകുമ്പോൾ, അദ്ദേഹം എന്ത് പറയുന്നുവോ അത് തങ്ങൾക്ക് സമ്മതമാണ് എന്ന് അവർ പറയുമായിരുന്നു. ഓരോ വ്യക്തിയും അദ്ദേഹത്തെ വിശ്വസ്തനായും സത്യസന്ധനായും കരുതിയിരുന്നു.

*(സീറത്തുൽ മഹ്ദി, വാല്യം 1, ഭാഗം 1, പേജ് 200, നിവേദനം: 196)*

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ)വിന്റെ കാര്യത്തിൽ എങ്ങനെ ജീവിതം മുന്നോട്ട് കൊണ്ടുപോകുമെന്ന കാര്യത്തിൽ എന്റെ പിതാമഹന് വലിയ ആശങ്കയുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വത്തുക്കൾ കൈകാര്യം ചെയ്യാൻ താല്പര്യപ്പെട്ടില്ല, ജോലി ചെയ്യാനും ആഗ്രഹിച്ചില്ല. ഞങ്ങളുടെ പിതാമഹൻ അടുത്തുള്ള ഗ്രാമത്തിലെ ഒരു സിഖ് സഹോദരനോട് ഒരിക്കൽ പറഞ്ഞു: എന്റെ മകൻ ഗുലാം അഹ്മദിനെ ഒന്നു പറഞ്ഞു മനസ്സിലാക്കണം, അവൻ ജോലിക്കൊന്നും പോകുന്നില്ല, അവന്റെ ജീവിതം എങ്ങനെയെന്ന് എനിക്ക് ആശങ്കയുണ്ട്.'

അങ്ങനെ ആ സിഖുകാരൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്തെത്തി പറഞ്ഞു: 'നിങ്ങളുടെ പിതാവ് ദേഷ്യത്തിലാണ്, നിങ്ങൾ ജോലിക്ക് പോകുന്നില്ലെന്ന് അദ്ദേഹം പറയുന്നു.' ഹദ്റത്ത് മസീഹ് മൗഊദ്(അ) മറുപടി നൽകി: 'പിതാവ് വെറുതെ ആശങ്കപ്പെടുന്നതാണ്. ഞാൻ ആരുടെ അടിമയാകണോ അവന്റെ അടിമയായി കഴിഞ്ഞു.' പിതാമഹൻ ലൗകിക കാര്യങ്ങളിൽ ശ്രദ്ധാലുവായിരുന്നിട്ടും, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ മറുപടി കേട്ടപ്പോൾ അദ്ദേഹം നിശബ്ദനായി. പിന്നീട് അദ്ദേഹം പറഞ്ഞു: **'എന്റെ മകൻ മിർസാ ഗുലാം അഹ്മദ് അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ, അത് സത്യമാണ്. അവൻ ഒരിക്കലും കളവ് പറയില്ല.'**

*(ഹാലാത്തെ ഹാസിറ കെ മുതഅല്ലിഖ് ജമാഅത്ത് അഹ്മദിയ്യാ കോ അഹം ഹിദായത്ത്, അൻവാറുൽ ഉലൂം, വാല്യം 13, പേജ് 512,513)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) വിവരിക്കുന്നു: '1916ൽ 'ഓൾ ഇന്ത്യ വൈ.എം.സി.എ' സെക്രട്ടറി മിസ്റ്റർ വാൾട്ടർ അഹ്മദിയ്യ പ്രസ്ഥാനത്തെക്കുറിച്ച് പഠിക്കാൻ ഖാദിയാനിൽ വന്നപ്പോൾ നടന്ന സംഭവം എനിക്ക് നന്നായി ഓർമ്മയുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ആദ്യകാല സഹാബിയെ കാണണമെന്ന് അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു. അന്ന് മുൻശി അറോഡേ ഖാൻ സാഹിബ്(റ) അവിടെ ഉണ്ടായിരുന്നു. മിസ്റ്റർ വാൾട്ടർ മുൻശി സാഹിബ്(റ)നെ മസ്ജിദ് മുബാറക്കിൽ വെച്ച് കണ്ടു. മിർസാ സാഹിബിന്റെ സത്യസന്ധതയിൽ താങ്കളെ ഏറ്റവും കൂടുതൽ സ്വാധീനിച്ച ഘടകം ഏതാണെന്ന് അദ്ദേഹം ചോദിച്ചു.

**മുൻശി സാഹിബ്(റ) മറുപടി നൽകി: 'ഞാൻ വലിയ വിദ്യാസമ്പന്നനല്ല, കൂടുതൽ വൈജ്ഞാനിക തെളിവുകൾ എനിക്കറിയില്ല. എന്നാൽ ഹദ്റത്ത് സാഹിബ്(അ)ന്റെ വ്യക്തിത്വമാണ് എന്നെ ഏറ്റവും കൂടുതൽ സ്വാധീനിച്ചത്. അദ്ദേഹത്തെക്കാൾ സത്യസന്ധനും വിശ്വസ്തനും അല്ലാഹുവിൽ വിശ്വാസമുള്ളതുമായ ഒരാളെ ഞാൻ കണ്ടിട്ടില്ല. അദ്ദേഹത്തെ കണ്ടാൽ ഒരാൾക്കും അദ്ദേഹം കള്ളം പറയുന്ന ആളാണെന്ന് പറയാൻ കഴിയില്ല.'**

ഇത്രയും പറഞ്ഞപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഓർമ്മയിൽ മുൻഷി സാഹിബ് വികാരാധീനനായി വിങ്ങിപ്പൊട്ടിക്കരഞ്ഞു. അപ്പോൾ മിസ്റ്റർ വാൾട്ടർ പരിഭ്രമിച്ച് വിളറി വെളുത്തുപോയി. പിന്നീട് തന്റെ **'അഹ്മദിയ്യാ മൂവ്മെൻറ്'എന്ന പുസ്തകത്തിൽ അദ്ദേഹം ഈ സംഭവത്തെക്കുറിച്ച് പ്രത്യേകം പരാമർശിച്ചു: ഭതന്റെ സഹവാസത്തിൽ ഇത്രയും ഉത്തമരായ മനുഷ്യരെ വളർത്തിയെടുത്ത ഒരാളെ, നമുക്ക് വഞ്ചകൻ എന്ന് വിളിക്കാൻ കഴിയില്ല.'** *(അസ്ഹാബെ അഹ്മദ്, വാല്യം 4, പേജ് 94,95)*

ഹദ്റത്ത് മിയാൻ റഹീം ബക്ശ് സാഹിബ്(റ) വിവരിക്കുന്നു: 'മുഹമ്മദ് ഇബ്രാഹിം അഹ്മദി എന്നൊരാളെ ഞാൻ കണ്ടുമുട്ടി. ഞങ്ങൾ തമ്മിൽ കുറച്ചു കാര്യങ്ങൾ സംസാരിച്ചു, ഞാൻ അദ്ദേഹത്തിന്റെ ആശയങ്ങളിൽ ആകൃഷ്ടനായി. അന്നു രാത്രി ഞാൻ ഒരു സ്വപ്നം കണ്ടു: ഞങ്ങൾ നാല് സഹോദരങ്ങൾ ഒരു പർവ്വതത്തിലെ ഗുഹയിൽ വഴിതെറ്റി നിൽക്കുകയാണ്, പുറത്തുകടക്കാൻ വഴി കാണുന്നില്ല. ഞാൻ ഒരു വശത്തുകൂടി കയറി മുകളിൽ എത്തി. അപ്പോൾ ഒരു തീവണ്ടി മണ്ണിൽ നിന്ന് വളരെ ഉയരത്തിൽ സഞ്ചരിക്കുന്നത് ഞാൻ കണ്ടു. അതിൽ എങ്ങനെ കയറുമെന്ന് ഞാൻ അത്ഭുതപ്പെട്ടു. മുകളിൽ ഒരാൾ നിൽക്കുന്നുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: 'താഴെ ആകാശത്തു നിന്ന് തൂങ്ങിക്കിടക്കുന്ന ആ കയറിൽ പിടിച്ചാൽ മാത്രമേ നിനക്ക് മുകളിൽ കയറാൻ കഴിയൂ.' രാവിലെ ഇബ്രാഹിം സാഹിബ് എന്റെ അടുത്തെത്തി. ഞാൻ എന്റെ സ്വപ്നം അദ്ദേഹത്തോട് പറഞ്ഞു. അദ്ദേഹം ഖുർആൻ എടുത്തു കാണിച്ചു, وَاعۡتَصِمُوۡا بِحَبۡلِ اللّٰهِ (നിങ്ങൾ അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക ആലു ഇംറാൻ: 104) എന്ന വാക്യത്തിന്റെ അർത്ഥം പറഞ്ഞുതന്നു. ഞാൻ ബൈഅത്ത് (പ്രതിജ്ഞ) ചെയ്യാൻ കത്തയച്ചു. ബൈഅത്ത് സ്വീകരിച്ചിരിക്കുന്നു, പക്ഷേ തീർച്ചയായും ഖാദിയാനിലേക്ക് വരണം എന്ന മറുപടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഭാഗത്തുനിന്ന് ലഭിച്ചു. ഞാൻ ഉടൻ തന്നെ ഖാദിയാനിലേക്ക് യാത്ര തിരിച്ചു.'

അദ്ദേഹം തുടർന്നു: 'അമൃതസർ സ്റ്റേഷനിൽ വെച്ച് ഞാൻ ബടാലയിലേക്കുള്ള തീവണ്ടിയിൽ കയറി. എന്റെ കമ്പാർട്ട്മെൻറിൽ വളരെ പ്രായമുള്ള രണ്ട് മൂന്ന് സിഖുകാർ ഉണ്ടായിരുന്നു. അവർ എന്നോട് ചോദിച്ചു: 'എങ്ങോട്ടാണ് പോകുന്നത്?' ഞാൻ പറഞ്ഞു: 'ഖാദിയാനിലേക്ക്.' അപ്പോൾ അവർ ചോദിച്ചു: 'മിർസയുടെ ഖാദിയാനിലേക്കോ?' ഞാൻ പറഞ്ഞു: 'അതെ, ഞാൻ അങ്ങോട്ടാണ് പോകുന്നത്.' അപ്പോൾ ഞാൻ അവരോട് ചോദിച്ചു: 'അദ്ദേഹം എങ്ങനെയുള്ള ആളാണ്? ഞാൻ സ്വപ്നം കണ്ടിട്ടും, എന്റെ മനസ്സിന്റെ തൃപ്തിക്കായി അവരോട് അദ്ദേഹത്തെക്കുറിച്ച് ചോദിച്ചതാണ്. അവർ പറഞ്ഞു: 'അദ്ദേഹം വളരെ പ്രശസ്തനാണ്, അദ്ദേഹം ദിവ്യത്വം വാദിക്കുന്നു.' ഇതായിരുന്നു അവരുടെ അറിവിന്റെ പരിമിതിയിൽ നിന്നുള്ള ചിന്ത. അല്ലാഹുവിൽ നിന്ന് വഹ്‌യ് (ദിവ്യസന്ദേശം) ലഭിച്ച്, അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്ക് ക്ഷണിക്കാനായി നിയോഗിക്കപ്പെട്ടവനാണ് താൻ എന്നായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദം.

എന്തുതന്നെയായാലും, ഞാൻ ബൈഅത്ത് ചെയ്തിട്ടും ഒരു തമാശയ്ക്ക് എന്നോണം അവരോട് ഞാൻ പറഞ്ഞു: 'മിർസയെ എനിക്കറിയാം. സിയാൽക്കോട്ടിൽ എന്റെ പിതാവും അദ്ദേഹവും ഒന്നിച്ച് ജോലി ചെയ്തിരുന്നു. അവർ ഒന്നിച്ച് ഭാംഗ് (ഒരുതരം ലഹരിപാനീയം) കുടിക്കാറുണ്ടായിരുന്നു.' വിശ്വാസം പ്രാഥമിക ഘട്ടത്തിലായിരിക്കുമ്പോൾ ഇത്തരം ബലഹീനതകൾ ഉണ്ടാകാം. ഞാൻ സിയാൽക്കോ

ട്ടിലെ പഴയകാല കഥകൾ വെച്ച് അദ്ദേഹത്തെക്കുറിച്ച് അങ്ങിനെ പറഞ്ഞപ്പോൾ, ആ സിഖുകാർ ഉടൻ തന്നെ മറുപടി നൽകി: 'മിയാൻ! അങ്ങനെ **പറയരുത്.' അവർ തുടർന്നു: 'അദ്ദേഹം ഒരു സന്യാസി തുല്യനായ വ്യക്തിയാണ്, അങ്ങേയറ്റം സത്യസന്ധനും വിശ്വസ്തനുമാണ്. അദ്ദേഹം എത്രമാത്രം പ്രശസ്തനാണെന്നാൽ ആളുകൾ അദ്ദേഹത്തെ ഉദാഹരണമായി പറയാറുണ്ട്. ആരെങ്കിലും സത്യം പറഞ്ഞാൽ ഞങ്ങളുടെ ഇടയിൽ ആളുകൾ ചോദിക്കാറുണ്ട്: എന്താണ് നീ മിർസ ഗുലാം മുർത്തളയുടെ മകനാണോ? അദ്ദേഹത്തിന്റെ ഈ സത്യസന്ധത ഞങ്ങൾക്ക് ഒരു മാതൃകയായി മാറിയിരിക്കുന്നു!'**

'അദ്ദേഹം ചെറുപ്പത്തിൽ ഞങ്ങളോടൊപ്പം കളിക്കാറുണ്ടായിരുന്നു. ഖാദിയാനിലെ പ്രഭുവിന്റെ മകനായിരുന്നു അദ്ദേഹം. അതുകൊണ്ട് ഞങ്ങൾ അദ്ദേഹത്തോട് ആദരവോടെയാണ് പെരുമാറിയിരുന്നത്. കാലക്രമേണ അദ്ദേഹത്തിൽ മാറ്റങ്ങൾ വന്നു തുടങ്ങി. ഒരു കാലഘട്ടത്തിൽ അദ്ദേഹം വീടിനുള്ളിൽ ഒതുങ്ങിക്കൂടാൻ തുടങ്ങി, പുറത്തിറങ്ങാതെയായി. അതായത്, ഹദ്റത്ത് മസീഹ് മൗഊദ്(അ) ഏകാന്തവാസം സ്വീകരിച്ചു. പുറത്തുള്ള ആളുകൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മതത്തെക്കുറിച്ച് വലിയ അറിവില്ലായിരുന്നു, അവർ വെറും ധാരണകൾ വെച്ചുപുലർത്തി. അദ്ദേഹം ഉള്ളിലിരുന്ന് എന്തൊക്കെയോ മന്ത്രവാദങ്ങൾ ചെയ്യുകയാണെന്ന് അവർ കരുതി. ഖാദിയാന്റെ നാല് മൈൽ ചുറ്റളവിൽ അദ്ദേഹം ആദർശം കൊണ്ട് ആളുകളെ സ്വാധീനിച്ചു, സത്യസന്ധത കൊണ്ട് എല്ലാവരെയും കീഴടക്കി. ഏത് മതത്തിൽപ്പെട്ടയാൾ അദ്ദേഹത്തിന്റെ അടുത്ത് വന്നാലും, സ്വന്തം മതത്തെക്കാൾ സത്യമായത് അദ്ദേഹത്തിന്റെ മതമാണെന്ന് അവർക്ക് ബോധ്യപ്പെടുമായിരുന്നു. 'താൻ ആകാശത്തുനിന്നാണ് വന്നിരിക്കുന്നത്' എന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു.' ആ സിഖുകാരൻ ഈ കാര്യങ്ങളെല്ലാം എന്നോട് പറഞ്ഞു.

ഞാൻ ഖാദിയാനിലെ ഗസ്റ്റ് ഹൗസിൽ എത്തിയപ്പോൾ അവിടെ മൂന്നാല് ചെറുപ്പക്കാരുണ്ടായിരുന്നു. എന്റെ ബൈഅത്ത് (പ്രതിജ്ഞ) ശരിയായ രീതിയിലാണോ എന്ന് പരീക്ഷിക്കാൻ ഞാൻ തീരുമാനിച്ചു. ഞാൻ അവരോട് വളരെ പരുഷമായി സംസാരിച്ചു, എന്നാൽ അവർ വളരെ ശാന്തമായാണ് മറുപടി നൽകിയത്. എന്റെ മോശം പെരുമാറ്റത്തിനിടയിലും അവർ വളരെ മാന്യമായാണ് ഇടപെട്ടത്. അവരുടെ പരിശീലനം എങ്ങനെയെന്ന് എനിക്ക് മനസ്സിലാക്കണമായിരുന്നു. പിന്നീട്, **എനിക്ക് മിർസാ സാഹിബിനെ കാണണമെന്ന് ഞാൻ പറഞ്ഞു.** അവിടുന്ന് നടക്കാൻ പോയിരിക്കുകയാണ്, കാണാൻ പ്രയാസമാണ് എന്ന് അവർ മറുപടി നൽകി. **ഖാദിയാനിൽ ചുറ്റിനടന്നപ്പോൾ എനിക്ക് വലിയ അസ്വസ്ഥത തോന്നി. കടുത്ത ചൂട് കാരണം അവിടെ നിന്ന് തിരിച്ചുപോകാൻ ഞാൻ തീരുമാനിച്ചു.** വിശ്വാസത്തിൽ അന്ന് എനിക്ക് അത്ര ഉറപ്പില്ലായിരുന്നു.

**വഴിയിൽ വെച്ച് ഒരു അറബി എന്നെ കണ്ടുമുട്ടി. അദ്ദേഹം പറഞ്ഞു: 'സഹോദരാ! നിങ്ങൾ ഖാദിയാനിൽ എത്തിയിരിക്കുന്നു, ഹദ്റത്ത് സാഹിബിനെ കാണാതെ പോകരുത്. ഇവിടെ വന്നാൽ മസീഹ് മൗഊദ്(അ)നെ കണ്ടിട്ടേ പോകാവൂ.** ഈ സമയം ഇനി ലഭിക്കില്ല. ആളുകൾ വരും, എന്നാൽ ഈ വ്യക്തിത്വത്തെ പിന്നീട് കാണാൻ കഴിയില്ല. ഇതൊരു സുവർണ്ണാവസരമാണ്.' പക്ഷേ, ഞാൻ അതൊന്നും വകവെച്ചില്ല. ചൂട് സഹിക്കാനാവാതെ കുതിരവണ്ടിക്കാരനൊട് ഉടൻ പോകാൻ ഞാൻ പറഞ്ഞു. തിരിച്ചുപോകാൻ തന്നെ തീരുമാനിച്ചു. അപ്പോഴേക്കും ബാങ്ക് വിളിയായി. നമസ്കരിച്ചിട്ട് പോകാമെന്ന് ഞാൻ കരുതി. **ഞാൻ മസ്ജിദിലേക്ക് തിരിച്ചെത്തി. നേരത്തെ കാണാൻ പറഞ്ഞ ആ അറബി വീണ്ടും എന്നെ കണ്ടു. അദ്ദേഹം പറഞ്ഞു: 'സഹോദരാ! നിങ്ങൾ കാണാതെ പോകരുതെന്ന് കരുതി ഞാൻ നിർത്താതെ നമസ്കാരത്തിൽ വീണു പ്രാർത്ഥിക്കുകയായിരുന്നു. നിങ്ങൾ ഹദ്റത്ത് സാഹിബിനെ കാണാൻ തങ്ങണമെന്ന് അല്ലാഹുവിനോട് ഞാൻ പ്രാർത്ഥിച്ചു, അദ്ദേഹത്തിന്റെ ആത്മാർത്ഥത അത്ര വലുതായിരുന്നു.'**

തുടർന്ന് ഞാൻ ഹദ്റത്ത് സാഹിബിനെ കണ്ടു. അദ്ദേഹം സദസ്സിൽ വന്നിരുന്നു. ഞാൻ മുന്നിൽ നിന്നു. അന്ന് എന്റെ താടിയും മീശയും എല്ലാം വടിച്ച നിലയിലായിരുന്നു. അക്കാലത്തെ ഫാഷനബിൾ ആയ ആളുകളെപ്പോലെ ഞാനും ഉണ്ടായിരുന്നു. ഹദ്റത്ത് സാഹിബ് തലകുനിച്ചാണ് ഇരുന്നത്. 'ഈ വ്യക്തിയുടെ മുഖം കാണുന്നത് വരെ എനിക്ക് പൂർണ്ണമായ ബോധ്യം ലഭിക്കില്ല' എന്ന് ഞാൻ മനസ്സിൽ വിചാരിച്ചു. കത്തിലൂടെ ഞാൻ ബൈഅത്ത് ചെയ്തിരുന്നെങ്കിലും പൂർണ്ണമായ വിശ്വാസം എനിക്ക് ലഭിച്ചിരുന്നില്ല. അല്പസമയത്തിന് ശേഷം ഹദ്റത്ത് സാഹിബ് തലയുയർത്തി നോക്കി. അവിടുത്തെ മുഖം കണ്ടപ്പോൾ എന്റെ ഉള്ളിൽ നിന്ന് ഒരു ശബ്ദം വന്നു: 'അദ്ദേഹം സത്യവാനാണ്.' അവിടുത്തെ മുഖം കണ്ടപ്പോൾ ഞാൻ പറഞ്ഞു: 'ഞാൻ വിശ്വസിച്ചു, ഞാൻ അംഗീകരിച്ചു. അദ്ദേഹം സത്യവാനാണ്.' മൂന്നാമതും അവിടുന്ന് നോക്കിയപ്പോൾ ഞാൻ അദ്ദേഹത്തിൽ അലിഞ്ഞുചേർന്നു.

ശേഷം നമസ്കാരം ആരംഭിച്ചു. നമസ്കാരം കഴിഞ്ഞ് അവിടുന്ന് അകത്തേക്ക് പോകാനൊരുങ്ങി. ഒരാൾ വാതിലിനടുത്ത് ചെന്ന് അപേക്ഷിച്ചു: 'ഹുസൂർ, എനിക്കുവേണ്ടി പ്രാർത്ഥിക്കണേ.' അവിടുന്ന് മറുപടി നൽകി: **'താങ്കൾ എന്റെ ബൈഅത്തിൽ ഉൾപ്പെട്ട ആളല്ലേ. ഞാൻ എന്റെ ശത്രുക്കൾക്ക് വേണ്ടി പോലും പ്രാർത്ഥിക്കാറുണ്ട്.'**

*(രിവായാത്ത് അസ്ഹാബെ അഹ്മദ്, വാല്യം 4, പേജ് 362,363)*

ഹദ്റത്ത് ഖലീഫാ നിസാമുദ്ദീൻ സാഹിബ്(റ) വിവരിക്കുന്നു: 'ഞാൻ സിയാൽ ക്കോട്ടിൽ നിന്ന് ജോലി ആവശ്യത്തിനായി സിന്ധിലെ ശിക്കാർപൂരിലേക്ക് പോവുകയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരായ വലിയ പ്രചാരണങ്ങൾ ഞാൻ കേട്ടിരുന്നു. അമൃതസറിൽ എന്റെ സുഹൃത്തുക്കളുണ്ടായിരുന്നു. അവിടെ നിന്ന് സിയാൽക്കോട്ടിലേക്ക് പോകാനായിരുന്നു ഉദ്ദേശ്യം, എന്നാൽ ഞാൻ ഉറങ്ങിപ്പോയി, രണ്ട് ട്രെയിനുകൾ സിയാൽക്കോട്ടിലേക്ക് കടന്നുപോയി. ഉണർന്നപ്പോൾ ട്രെയിനുകൾ പോയെന്ന് അറിഞ്ഞു. ഉടനെ എന്റെ മനസ്സിൽ ഒരു ചിന്ത വന്നു: 'മിർസ സാഹിബിന്റെ ഗ്രാമം അടുത്താണല്ലോ, അദ്ദേഹത്തെ ഒന്ന് കാണേണ്ടതല്ലേ?' ബടാലയിലേക്ക് എപ്പോഴാണ് ട്രെയിൻ ഉള്ളതെന്ന് ഞാൻ അന്വേഷിച്ചു, അരമണിക്കൂർ കഴിഞ്ഞാണെന്ന് അവർ പറഞ്ഞു. ഞാൻ ടിക്കറ്റ് എടുത്ത് ബടാലയിൽ എത്തി, അവിടെ നിന്ന് നടന്ന് ഖാദിയാനിലേക്ക് പോയി. അസർ സമയത്ത് ഞാൻ അവിടെ എത്തി. ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ്(റ)നെ കണ്ടു. സിയാൽക്കോട്ടിൽ വെച്ച് അവർക്ക് പരസ്പരം പരിചയമുണ്ടായിരുന്നു. എന്നെ കണ്ടപ്പോൾ അദ്ദേഹം വളരെ സന്തോഷിച്ചു. ഞങ്ങൾ അസർ നമസ്കാരം നിർവ്വഹിച്ചു. പിറ്റേന്ന് രാവിലെ മൗലവി അബ്ദുൽ കരീം സാഹിബ്(റ) ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിവരമറിയിച്ചു. പള്ളിയിലെ ജനലിനോട് ചേർന്നുള്ള ഭാഗത്ത് വെച്ച് ഹുസൂർ(അ) എന്റെ ബൈഅത്ത് സ്വീകരിച്ചു.

അദ്ദേഹം പറയുന്നു: **'ഹുസൂർ(അ)വിന്റെ മുഖം കണ്ട മാത്രയിൽ തന്നെ എന്റെ ഹൃദയത്തിന് സമാധാനം ലഭിച്ചു. ഇദ്ദേഹം വ്യാജനാണെന്ന് ലോകം പറയുന്നു, പക്ഷേ ഈ മുഖം വ്യാജവാദിയുടെതല്ല. ഹുസൂർ(അ)വിന്റെ മുഖത്ത് പ്രത്യേകമായ ഒരു ആകർഷണമുണ്ടായിരുന്നു. ഹൃദയങ്ങളെ കീഴടക്കുന്ന ഒരു പ്രകാശം അതിൽ നിന്ന് പ്രവഹിക്കുന്നുണ്ടായിരുന്നു.'**

*(രിവായാത്ത് അസ്ഹാബെ അഹ്മദ്, വാല്യം 4, പേജ് 365)*

ഹദ്റത്ത് ഹകീം അബ്ദുറഹ്മാൻ സാഹിബ്(റ) വിവരിക്കുന്നു: 'എന്റെ പിതാവ് ബൈഅത്ത് ചെയ്ത് ലായൽപൂർ ജില്ലയിലെ ഗൂജ്റയിലെ 276ാം നമ്പർ ചക്കിലെത്തിയപ്പോൾ (Chak No. 276 R.B. (Gokhowal), near Gojra, District Lyallpur) അവിടെ വലിയ തോതിൽ തബ്ലീഗ് നടത്തി. ആളുകൾ അദ്ദേഹത്തെ തങ്ങളുടെ ഇമാമായി സ്വീകരിച്ചു. അദ്ദേഹം ഖുർആൻ പഠിപ്പിക്കാൻ തുടങ്ങിയപ്പോൾ ഈസാനബി(അ)യുടെ മരണത്തെക്കുറിച്ച് വിശദീകരിച്ചു, ആളുകൾ അത്ഭുതപ്പെട്ടു. വസീർ ദീൻ എന്നൊരു വില്ലേജ് ഓഫീസർ അവിടെ ഉണ്ടായിരുന്നു. ഒരുദിവസം അദ്ദേഹം എന്റെ പിതാവി നോട് പറഞ്ഞു: 'എനിക്ക് ഒരു വലിയ ചെമ്പ് വേണം.' നല്ല പാത്രങ്ങൾ കിട്ടാൻ ഗുജ്രൻവാലയിലേക്ക് പോകാൻ അദ്ദേഹം ആഗ്രഹിച്ചു. ഞാൻ പറഞ്ഞു: 'അങ്ങോട്ടാണെങ്കിൽ ബടാലയിലേക്ക് പോകാം, അവിടെ കൂടുതൽ നല്ലത് കിട്ടും.' ബടാലയിൽ എത്തിയപ്പോൾ ഞാൻ വസീർ ദീൻ സാഹിബിനോട് പറഞ്ഞു: 'ഇവിടെ

അടുത്ത് ഖാദിയാനിലാണ് മിർസാ സാഹിബ് താമസിക്കുന്നത്. ഞാൻ അദ്ദേഹത്തിന്റെ ബൈഅത്ത് ചെയ്തിട്ടുണ്ട്, അദ്ദേഹം സത്യവാനാണ്. താങ്കളും വരൂ, അപ്പോൾ ചൗധരി സാഹിബ് പറഞ്ഞു: 'അദ്ദേഹം തീർച്ചയായും സത്യവാനാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു, കാരണം സിയാൽക്കോട്ടിൽ ഞാനും മിർസാ സാഹിബും ഒന്നിച്ച് ജോലി ചെയ്തിട്ടുണ്ട്.' ഞാൻ ലാന്റ് രജിസ്റ്റ്രാർ ആയിരുന്നു, അദ്ദേഹം ഓഫീസിലാണ് ജോലി ചെയ്തിരുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) വിനെക്കുറിച്ച് ചർച്ച തുടങ്ങിയപ്പോൾ അദ്ദേഹം പറഞ്ഞു: 'അതെ! **അദ്ദേഹം സത്യവാനാണ്. ഓഫീസിൽ അദ്ദേഹത്തെ ഞാൻ കണ്ടിട്ടുണ്ട്. അദ്ദേഹം ഒരിക്കലും കൈക്കൂലി വാങ്ങിയിട്ടില്ല, കളവ് പറഞ്ഞിട്ടില്ല. വലിയ ഭക്തനും സൂക്ഷ്മതയുള്ള ആളുമായിരുന്നു. അങ്ങനെയുള്ള ഒരാൾക്ക് ഒരിക്കലും കള്ളം പറയാൻ കഴിയില്ല. അദ്ദേഹത്തിന്റെ യൗവനം ഞാൻ കണ്ടിട്ടുണ്ട്. ഇങ്ങനെയുള്ള വ്യക്തിയുടെ വാദം കളവാകാൻ കഴിയില്ല. നമുക്ക് അദ്ദേഹത്തെ കാണാൻ പോകാം. അങ്ങനെ ചൗധരി സാഹിബ് ഉടൻ പോയി ബൈഅത്ത് ചെയ്തു.'**

*(രിവായാത്ത് അസ്ഹാബെ അഹ്മദ്, വാല്യം 4, പേജ് 372,373)*

മിയാൻ ഫിറോസ് ദീൻ സാഹിബ് വിവരിക്കുന്നു: 'എന്റെ പിതാമഹന്റെ പേര് മിയാൻ നിസാം ദീൻ എന്നായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജോലി സംബന്ധമായി സിയാൽക്കോട്ടിൽ താമസിച്ചിരുന്ന കാലത്ത്, എന്റെ പിതാമഹനാണ് അദ്ദേഹത്തിന് താമസിക്കാൻ വീട് വാടകയ്ക്ക് എടുത്തു നൽകിയത്. അവിടുന്ന് എന്റെ പിതാമഹനെക്കൊണ്ട് സ്വർണ്ണ മോതിരം പണിയിപ്പിച്ച് വീട്ടിലേക്ക് അയച്ചിരുന്നു. അങ്ങനെ എന്റെ പിതാമഹനും ഹുസൂറും തമ്മിൽ വലിയ ബന്ധമുണ്ടായിരുന്നു. ഹുസൂർ(അ) മസീഹ് ആണെന്ന് വാദിച്ചപ്പോൾ, കുറച്ചു കാലത്തിന് ശേഷം പിതാമഹൻ ബൈഅത്ത് ചെയ്തു. അദ്ദേഹം കുടുംബത്തോട് പറഞ്ഞു: അദ്ദേഹം ഇവിടെ ജോലി ചെയ്തിരുന്ന കാലം മുതൽ എനിക്ക് അദ്ദേഹത്തെ അറിയാം. അതിനാൽ എന്റെ മുന്നിൽ വെച്ച് നിങ്ങൾ ബൈഅത്ത് ചെയ്തുകൊള്ളുക. **അദ്ദേഹത്തിന്റെ ഈ മുഖം കള്ളം പറയുന്നവരുടെതല്ല.' അങ്ങനെ 1892ൽ ഞങ്ങളുടെ മുഴുവൻ കുടുംബവും ബൈഅത്ത് ചെയ്തു.'**

*(രിവായാത്ത് അസ്ഹാബെ അഹ്മദ്, വാല്യം 4, പേജ് 374)*

ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബ്(റ) വിവരിക്കുന്നു: മുൻശി അബ്ദുൽ അസീസ് ഔജലവി പറയുന്നു: 1890ഓടെ ഞാൻ ഗുർദാസ്പൂർ തഹ്സീലിലെ ജഗത്പൂർ കോഹ്‌ലിയാൻ ഗ്രാമത്തിൽ ലാന്റ് രജിസ്റ്റ്രാർ ആഅയിരുന്നു. 1891ൽ ഞാൻ പരിശ്രമിച്ച് ഗുർദാസ്പൂർ താലൂക്കിലെ തന്നെ സേഖ്വാൻ ഗ്രാമത്തിലേക്ക് സ്ഥലംമാറ്റം വാങ്ങി. അന്ന് ഞാൻ അഹ്മദി ആയിരുന്നില്ല, എങ്കിലും ഹദ്റത്ത് സാഹിബ്(അ)നെക്കുറിച്ച് കേട്ടിരുന്നു. കടുത്ത എതിർപ്പൊന്നും ഉണ്ടായിരുന്നില്ല, എങ്കിലും പണ്ഡിതന്മാരെല്ലാം അദ്ദേഹത്തിന് എതിരാണെന്ന ചിന്ത എനിക്ക് തടസമായി നിന്നു. സേഖ്വാനിൽ എത്തിയ ശേഷം മിയാൻ ജമാൽ ദീൻ, ഇമാം ദീൻ, ഖൈർ ദീൻ എന്നിവരുമായി ഞാൻ പരിചയപ്പെട്ടു. അവർ എനിക്ക് ഹദ്റത്ത് സാഹിബ്(അ)ന്റെ 'ഇസാലെ ഔഹാം' എന്ന പുസ്തകം വായിക്കാൻ നൽകി. ഞാൻ ദു:ആ ചെയ്ത ശേഷം പുസ്തകം വായിക്കാൻ തുടങ്ങി. അത് വായിച്ചു തീർന്നപ്പോഴേക്കും ഹദ്റത്ത് സാഹിബ്(അ)ന്റെ സത്യസന്ധത എന്റെ ഹൃദയത്തിൽ ഒരു ആണി തറയുന്നതു പോലെ ഉറച്ചുപോയി, എല്ലാ സംശയങ്ങളും നീങ്ങി. ഏതാനും ദിവസങ്ങൾക്ക് ശേഷം ഞാൻ മിയാൻ ഖൈർ ദീനിനൊപ്പം ഖാദിയാനിൽ പോയി. ഗോൾ കമരയ്ക്ക് [Round Room] സമീപം വെച്ച് ആദ്യമായി ഹദ്റത്ത് സാഹിബ്(അ)നെ കണ്ടു. ഹുസൂർ(അ) ന്റെ മുഖം കണ്ടപ്പോൾ ഞാൻ മിയാൻ ഖൈർ ദീൻ സാഹിബിനോട് പറഞ്ഞു: **'ഈ മുഖം വ്യാജവാദിയുടേതല്ല.' തുടർന്ന് ഞാൻ ബൈഅത്ത് ചെയ്തു.**

*(സീറത്തുൽ മഹ്ദി, വാല്യം 1, ഭാഗം 3, പേജ് 617, നിവേദനം: 659)*

ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബ്(റ) ഹദ്റത്ത് ചൗധരി സഫറുല്ല ഖാൻ സാഹിബ്(റ)നെക്കുറിച്ച് വിവരിക്കുന്നു: ബഹു. ചൗധരി സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ്(റ) എഴുത്തിലൂടെ എന്നോട് വിവരിച്ചത്: ഭഞാൻ ആദ്യമായി ലഹോറിൽ വെച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കണ്ടപ്പോൾ എന്റെ മനസ്സിൽ വിശ്വാസങ്ങളെക്കുറിച്ചുള്ള ഒരു വിമർശനവും ഉണ്ടായിരുന്നില്ല. ആ സമയത്ത് എന്റെ ഹൃദയത്തിൽ ഉണ്ടായ സ്വാധീനം ഒന്നേയുള്ളു: ഈ വ്യക്തി സത്യവാനാണ്, അദ്ദേഹം പറയുന്നത് സത്യമാണ്. അവിടുത്തെ കാര്യത്തിൽ അല്ലാഹു എന്റെ ഹൃദയത്തിൽ നിക്ഷേപിച്ച വലിയൊരു സ്നേഹമാണ് അവിടുത്തെ സത്യസന്ധതയ്ക്കുള്ള എന്റെ ഏറ്റവും വലിയ തെളിവ്. അന്ന് ഞാൻ കുട്ടിയായിരുന്നുവെങ്കിലും, അന്ന് മുതൽ ഇന്നുവരെ എനിക്ക് ഒരു തെളിവിന്റെയും ആവശ്യമുണ്ടായിട്ടില്ല. പിന്നീട് എന്റെ വിശ്വാസത്തെ ശക്തിപ്പെടുത്തുന്ന അനേകം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്, എങ്കിലും **ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ അനുഗ്രഹീതമായ മുഖം കണ്ടതുകൊണ്ട് മാത്രമാണ് ഞാൻ ആ മഹാത്മാവിനെ വിശ്വസിച്ചത്. ആ സ്വാധീനമാണ് ഇന്നുവരെ അദ്ദേഹത്തിന്റെ വാദങ്ങളുടെ സത്യസന്ധതയ്ക്കുള്ള ഏറ്റവും വലിയ തെളിവ്. 1904 സെപ്റ്റംബർ 3നാണ് ഞാൻ ആ മഹാത്മാവിനെ ആദ്യമായി കണ്ടത്, അന്നുമുതൽ ഞാൻ അഹ്മദിയാണ് എന്ന് ഞാൻ കരുതുന്നു.**

*(സീറത്തുൽ മഹ്ദി, വാല്യം 2, ഭാഗം 4, പേജ് 37, നിവേദനം: 1036)*

ഹദ്റത്ത് മിയാൻ സദർ ദീൻ സാഹിബ്(റ) വിവരിക്കുന്നു: 'ഞാൻ ബൈഅത്ത് ചെയ്ത സമയത്ത് എന്റെ പിതാവിനോട് ചോദിച്ചു: 'ആളുകൾ എന്തിനാണ് കുതിരവണ്ടിയിൽ ഖാദിയാനിലേക്ക് വരുന്നത് എന്ന് താങ്കൾക്കറിയാമോ?' പിതാവ് പറഞ്ഞു: 'അറിയില്ല.' ഞാൻ പറഞ്ഞു: 'മിർസാ സാഹിബ് താനാണ് മസീഹ് മൗഊദ് എന്ന് പറയുന്നു.' എന്റെ പിതാവ് പറഞ്ഞു: 'ആ കാര്യം ശരിയായിരിക്കും. ചെറുപ്പം മുതൽ ഞാൻ ആ വ്യക്തിയെ കണ്ടിട്ടുണ്ട്. അദ്ദേഹം ഒരിക്കലും തെറ്റ് പറയില്ല.'

*(രിവായാത്ത് അസ്ഹാബെ അഹ്മദ്, വാല്യം 4, പേജ് 93.94)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'അല്ലാഹു നിങ്ങൾക്കു മേൽ ന്യായപൂർത്തി വരുത്തിയിരിക്കുന്നു. എന്റെ വാദത്തിന് ആയിരക്കണക്കിന് തെളിവുകൾ സ്ഥാപിച്ചുകൊണ്ട്, നിങ്ങൾക്ക് ചിന്തിക്കാൻ അവസരം നൽകിയിരിക്കുന്നു. നിങ്ങളെ ഈ പ്രസ്ഥാനത്തിലേക്ക് ക്ഷണിക്കുന്ന ഈ വ്യക്തി എത്ര ആദ്ധ്യാത്മിക ജ്ഞാനമുള്ള ആളാണ്, എത്ര തെളിവുകളാണ് അദ്ദേഹം സമർപ്പിക്കുന്നത് എന്ന് നിങ്ങൾ ആലോചിച്ചു നോക്കുക. **എന്റെ മുൻകാല ജീവിതത്തിൽ ആരോപിക്കാവുന്ന ഒരു കുറ്റമോ കളവോ വഞ്ചനയോ നിങ്ങൾക്കു കണ്ടെത്താനാവില്ല. മുൻപേ തന്നെ കളവിനും അപവാദങ്ങൾക്കും അടിമയായ ഒരാളാണെങ്കിൽ ഇതും കളവ് പറഞ്ഞതെന്ന് കരുതാമായിരുന്നു. എന്റെ ജീവിതചരിത്രത്തിൽ ഒരൊറ്റ വിമർശനമെങ്കിലും ഉന്നയിക്കാൻ നിങ്ങളിൽ ആർക്കാണ് കഴിയുക?** തുടക്കം മുതൽ തന്നെ എന്നെ തഖ്‌വയിൽ (ദൈവഭക്തിയിൽ) നിലനിർത്തിയെന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്, ചിന്തിക്കുന്നവർക്ക് ഇതൊരു വലിയ തെളിവാണ്.

*(തദ്കിറത്തുശ്ശഹാദതൈൻ, റൂഹാനി ഖസാഇൻ, വാല്യം 20, പേജ് 64)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മെ ഉപദേശിച്ചുകൊണ്ട് പറയുന്നു:

**'ഓർക്കുക, സത്യം പൂർണ്ണമായും അതിന്റെ സ്വാധീനം ചെലുത്തുമ്പോൾ അതൊരു പ്രകാശമായി മാറുന്നു. ആ സത്യത്തെ സ്വീകരിക്കുന്നവർക്ക് ഏത് ഇരുട്ടിലും അതൊരു വഴികാട്ടിയായിരിക്കും, എല്ലാ പ്രതിസന്ധികളിൽ നിന്നും അത് അവരെ രക്ഷിക്കുകയും ചെയ്യും.**

*(മൽഫൂസാത്ത്, വാല്യം 2, പേജ് 140, 2022 എഡിഷൻ)*

ഈ സത്യം മനസ്സിലാക്കാനും, സത്യത്തിൽ അടിയുറച്ചു നിൽക്കാനും, ഉന്നതമായ സത്യസന്ധതയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് ജീവിക്കാനും അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ.

(വിവ: അബൂ അത്തിയ)

EVERYTHING IN ONE PLACE
THE REVIEW OF RELIGIONS


പേജ് 2 ൽ നിന്ന്

ഹദ്റത്ത് മസീഹ് മൗഊദ്(അ) പൊതുവിലുള്ള മുഹദ്ദിസുകളുടെയും അവരുടെ വിമർശകരുടെയും രീതിയിൽ നിന്ന് വ്യത്യസ്തമായി ഹദീസുകളെ പരിശോധിക്കുന്നതിനുള്ള മാർക്ഷം വിവരിച്ചുകൊണ്ട് പറയുന്നു:

വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾക്ക് അനുസൃതമായ ഒരു ഹദീസ്, അത് എത്രമാത്രം ളഈഫ് (ദുർബ്ബലമായത്) ആണെങ്കിലും അത് സ്വീകരിക്കേണ്ടതാണ്. എന്നാൽ ഏതെങ്കിലും ഒരു ഹദീസ് എത്രതന്നെ മുസ്തനദും മുതവാത്തിറും (പ്രാമാണികവും തുടർച്ചയുള്ളതും) ആണെങ്കിലും, അത് വിശുദ്ധ ഖുർആന്റെ വ്യക്തമായ അധ്യാപനങ്ങൾക്ക് വിരുദ്ധമാണെന്നു കാണുന്നുവെങ്കിൽ, ആദ്യം അവ (ഖുർആനും ഹദീസും) തമ്മിലുള്ള പൊരുത്തം (തത്ബീഖ്) കണ്ടെത്താൻ ശ്രമിക്കണം. എന്നാൽ ഒരു വിധത്തിലും ആ വൈരുദ്ധ്യം പരിഹരിക്കാൻ സാധിക്കുന്നില്ലെങ്കിൽ, അത്തരം ഹദീസ് തിരുനബി(സ)യിൽ നിന്നുള്ളതല്ലെന്ന് മനസ്സിലാക്കി ഉപേക്ഷിക്കേണ്ടതാണ്.

കൂടാതെ, ഒരു ഹദീസ് പ്രവചനം ഉൾക്കൊള്ളുന്നതും എന്നാൽ മുഹദ്ദിസുകളുടെ ദൃഷ്ടിയിൽ ദുർബ്ബലമായതുമാണെങ്കിൽ പോലും ഏതെങ്കിലും കാലഘട്ടത്തിൽ ആ പ്രവചനം സത്യമായി പുലർന്നാൽ പ്രസ്തുത ഹദീസിനെ സത്യമായിത്തന്നെ കണക്കാക്കണം. അത്തരം അവസരങ്ങളിൽ, ആ ഹദീസിനെ ളഈഫ് (ദുർബലം) അല്ലെങ്കിൽ മൗളൂഅ് (കെട്ടിച്ചമച്ചത്) എന്ന് വിധിയെഴുതിയ മുഹദ്ദിസുമാർക്ക് നിവേദകരും തെറ്റുകാരാണെന്നും അവർക്ക് പിഴവ് പറ്റിയിട്ടുണ്ടെന്നും മനസ്സിലാക്കണം. ഇത്തരത്തിൽ പ്രവചനങ്ങൾ അടങ്ങിയ നൂറുകണക്കിന് ഹദീസുകളുണ്ട്, അവയിൽ മിക്കവയും മുഹദ്ദിസുകളുടെ പക്കൽ മജ്റൂഹ് (ന്യൂനതയുള്ളത്), മൗളൂഅ്, അല്ലെങ്കിൽ ളഈഫ് (ദുർബലം അല്ലെങ്കിൽ കെട്ടിച്ചമച്ചത്) ആണ്. അതിനാൽ, അത്തരം ഹദീസുകളിൽ ഏതെങ്കിലും ഒന്ന് പൂർണ്ണമായി പുലരുകയാണെങ്കിൽ, പ്രസ്തുത ഹദീസ് ളഈഫ് ആണെന്നോ അതിന്റെ നിവേദകൻ മതനിഷ്ഠയുള്ളവനല്ലെന്നോ പറഞ്ഞ് നിങ്ങൾ അത് തള്ളിക്കളയുകയാണെങ്കിൽ, അല്ലാഹു സത്യമാണെന്ന് വെളിപ്പെടുത്തിയ ഹദീസിനെ നിഷേധിക്കുന്നതിലൂടെ നിങ്ങളുടെ വിശ്വാസ ദൗർബല്യമാണ് വെളിപ്പെടുന്നത്.

*(കശ്തീ നൂഹ് എന്ന ഗ്രന്ഥത്തിൽ നിന്ന് സംഗ്രഹം).*

ചുരുക്കത്തിൽ, ഹദീസുകളെ പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിച്ച ഈ സുസ്ഥിരമായ തത്വങ്ങളാണ് ഈ കാലഘട്ടത്തിൽ അല്ലാഹുവിന്റെ നിയോഗിതനായ ഹകം (നീതിമാനായ വിധികർത്താവ്) എന്ന നിലയിൽ ആ മഹാത്മാവ് നൽകിയിട്ടുള്ളത്. അദ്ദേഹം അവതരിപ്പിച്ച എല്ലാ ദൈവിക തീരുമാനങ്ങളെയും അംഗീകരിച്ചുകൊണ്ട് മാത്രമേ ഇസ്ലാമിന്റെ ദൃഢതയ്ക്കും അതിജീവനത്തിനുമുള്ള ഉത്തരവാദിത്തം നമുക്ക് നിർവഹിക്കാൻ സാധിക്കൂ. അതിനാൽ, ഹദീസുകളെ പരിശോധിക്കുന്നതിനും അവയിൽ പ്രവർത്തിക്കുന്നതിനും ഹദ്റത്ത് മസീഹ് മൗഊദ് (അ) നൽകിയ മേൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടത് അനിവാര്യമാണ്.

പേജ് 1ൽ നിന്ന്

### ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ പാഠങ്ങൾ:

തിരുനബി(സ)യുടെ പ്രവർത്തനവുമാണ്. അല്ലാഹുവിന്റെ വചനം ജനങ്ങളുടെ മാർഗ്ഗനിർദ്ദേശത്തിനായി അമ്പിയാക്കൾ(അ) കൊണ്ടുവരുമ്പോൾ, ആ വചനത്തെ സ്വന്തം പ്രവർത്തനങ്ങളിലൂടെ, അഥവാ പ്രായോഗികമായി വ്യാഖ്യാനിക്കുക എന്നതാണ് അല്ലാഹുവിന്റെ പഴയ കാലം മുതലുള്ള പതിവ്. അതുവഴി ആ വചനം മനസ്സിലാക്കുന്നതിൽ ജനങ്ങൾക്ക് സംശയം ഉണ്ടാകാതിരിക്കാനും, അവർ സ്വയം അത് പ്രാവർത്തികമാക്കുകയും മറ്റുള്ളവരെക്കൊണ്ട് പ്രാവർത്തികമാപ്പിക്കുകയും ചെയ്യുന്നു.

(3) ഹദീസ് : സന്മാർഗ്ഗ ദർശത്തിനുള്ള മൂന്നാമത്തെ സ്രോതസ്സാണിത്. തിരുനബി(സ)ക്ക് ഏകദേശം ഒന്നര നൂറ്റാണ്ടിന് ശേഷം വിവിധ നിവേദകരുടെ പരമ്പരകളിലൂടെ കഥകളുടെ രൂപത്തിൽ സമാഹരിക്കപ്പെട്ട ചരിത്രരേഖകളാണ് ഹദീസ് എന്ന് ഞങ്ങൾ ഉദ്ദേശിക്കുന്നത്

അതുകൊണ്ട് സുന്നത്തും ഹദീസും തമ്മിലുള്ള വ്യത്യാസമെന്തെന്നാൽ തവാത്തുർ (തുടർച്ച) ഉള്ളതും തിരുനബി(സ) തിരുകരം കൊണ്ട് നടപ്പിലാക്കിയതുമായ പ്രായോഗിക രീതിയാണ് സുന്നത്ത്. അത് ദൃഢബോധ്യത്തിന്റെ കാര്യത്തിൽ വിശുദ്ധ ഖുർആന്റെ തൊട്ടുപിന്നിൽ രണ്ടാം സ്ഥാനത്താണ്. തിരുനബി(സ) വിശുദ്ധ ഖുർആൻ പ്രചരിപ്പിക്കാൻ നിയോഗിതനായതുപോലെ തന്നെ, സുന്നത്തിന്റെ സ്ഥാപനത്തിനും കൂടിയാണ് അവിടുന്ന് നിയോഗിതനായത്.

*(റിവ്യൂ ബർ മുബാഹിസ ബട്ടാലവി വ ചക്ടാലവി, റൂഹാനി ഖസാഇൻ വാല്യം 19, പേജ് 209 - 212)*

പേജ് 1 ൽ നിന്ന്

### തഫ്സീർ:

വ്യക്തികളുടെ സാക്ഷ്യത്തിലുള്ള ഹദീസിനേക്കാൾ എത്രയോ ഉന്നതമാണ് സുന്നത്ത്.

അതിനടുത്ത സ്ഥാനത്താണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹദീസിനെ പ്രതിഷ്ഠിച്ചത്. എന്നാൽ ഹദീസുകൾ സ്വീകരിക്കുന്നതിന് ഒരു വ്യവസ്ഥയും അദ്ദേഹം പറയുകയുണ്ടായി, അതായത് നിവേദകരുടെ വിശ്വാസ്യത പരിശോധിക്കുന്നത് മാത്രമല്ല, മറിച്ച് ഹദീസുകൾ വിശുദ്ധ ഖുർആനും തിരുസുന്നത്തിനും പ്രകൃതി നിയമങ്ങൾക്കും അനുസൃതവുമായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

*(ഹദ്റത്ത് മസീഹ് മൗഊദ്(അ) കെ കർനാമെ, അൻവാറുൽ ഉലൂം വാല്യം 10, പേജ് 178,179).*

**മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ**
**അത്ഫാലുൽ അഹ്മദിയ്യാ ഭാരത്**

## ദേശീയ ഇജ്തിമാഅ്

*2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ)*

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പോഷക സംഘടനകളുടെ ദേശീയ ഇജ്തിമാഅ് 2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.**

**സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ഇജ്തിമായിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കുക.**

**അല്ലാഹു പരമാവധി ഖുദ്ദാം അത്ഫാൽ അംഗങ്ങൾക്ക് ഈ ഇജ്തിമായിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.** *(സദ്ർ മജ്ലിസ് അൻസാറുല്ലാഹ് ഭാരത്)*

AL-ISLAM
www.alislam.org

MTA INTERNATIONAL
www.mta.tv
REACHING THE CORNERS OF THE EARTH

### • ഹദീഥുന്നബ്വി ﷺ •



**മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**
**(ബുഖാരി 23:77)**

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

### • ഹദീഥുന്നബ്വി ﷺ •

**"ഊസ്വീക്കും ബിൽജാരി."**
**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.**

ത്വാലിബെ ദുആ
**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ(റ)

## സീറത്തുൽ മഹ്ദി(അ)

വിവ: എ.നാസിർ

### ജ്യേഷ്ഠ സഹോദരന്റെ സ്വത്ത്

ഹദ്റത്ത് അമ്മാജാൻ എന്നോട് വിവരിച്ചു: നിങ്ങളുടെ തായ (അതായത് മൂത്താപ്പ അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജ്യേഷ്ഠനായ മിർസ ഗുലാം ഖാദിർ സാഹിബ്) മക്കളില്ലാതെ മരണപ്പെട്ടപ്പോൾ, നിങ്ങളുടെ തായി (മൂത്തുമ്മ) ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കൽ വന്ന് കരയുകയും, തന്റെ ഭർത്താവിന്റെ സ്വത്ത്, ദത്തുപുത്രനായി കണക്കാക്കി സുൽത്താൻ അഹ്മദ്(റ)ന്റെ പേരിൽ എഴുതിവെക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അത് എങ്ങനെയയാലും നിങ്ങളുടേതാണ്, ഈ രീതിയിലാണെങ്കിലും നിങ്ങളുടേതായി തന്നെ തുടരും. അങ്ങനെ, ഹദ്റത്ത് മസീഹ് മൗഊദ്(അ) നിങ്ങളുടെ മൂത്താപ്പാന്റെ മുഴുവൻ സ്വത്തും മിർസ സുൽത്താൻ അഹ്മദ്(റ)ന്റെ പേരിൽ ആക്കി നൽകി.

ഞാൻ (ലേഖകൻ) അമ്മാജാൻ(റ)യോട് ചോദിച്ചു: ദത്തുപുത്രൻ എന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ) എങ്ങനെയാണ് ഇത് അംഗീകരിച്ചത്? അമ്മാജാൻ പറഞ്ഞു: അതൊരു പറച്ചിൽ മാത്രമായിരുന്നു, അല്ലാതെ മരണശേഷം ദത്തുപുത്രൻ എങ്ങനെയുണ്ടാവാനാണ്? നിങ്ങളുടെ മൂത്തുമ്മയെ സന്തോഷിപ്പിക്കാൻ വേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) നിങ്ങളുടെ മൂത്താപ്പാന്റെ സ്വത്ത് മിർസ സുൽത്താൻ അഹ്മദ്(റ)ന്റെ പേരിൽ രജിസ്റ്റർ ചെയ്തു കൊടുക്കുകയായിരുന്നു, അല്ലാതെ ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വന്തം പേരിൽ ആക്കിയില്ല. കാരണം, അന്നത്തെ സാഹചര്യത്തിൽ മിർസ സുൽത്താൻ അഹ്മദ്(റ)ന് ഹുസൂർ(അ) സ്വത്തിൽ നിന്ന് പകുതി ലഭിക്കുമെന്നും, ബാക്കി പകുതി മിർസ ഫസൽ അഹ്മദ്(റ)ന് ലഭിക്കുമെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ) മനസ്സിലാക്കിയിരുന്നു. അതിനാൽ, മിർസ സുൽത്താൻ അഹ്മദ്(റ)ന്റെ വിഹിതം താൻ തന്റെ ജീവിതകാലത്ത് തന്നെ വേർതിരിച്ചു കൊടുത്തു എന്ന് അവിടുന്ന് കരുതി.

### ഖാദിറാബാദും അഹ്മദാബാദും

ഹദ്റത്ത് അമ്മാജാൻ എന്നോട് വിവരിച്ചു: മിർസ ഫസൽ അഹ്മദ്(റ) മരണപ്പെട്ടതിന് ശേഷം കുറച്ചു കാലം കഴിഞ്ഞപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്നോട് പറഞ്ഞു: നിങ്ങളുടെ (അമ്മാജാന്റെ) മക്കളോടൊപ്പം സ്വത്ത് പങ്കുവെക്കാനുള്ള ഏക വ്യക്തി ഫസൽ അഹ്മദ് മാത്രമായിരുന്നു, എന്നാൽ ആ പാവവും നമ്മെ വിട്ടുപിരിഞ്ഞു. ഞാൻ (ലേഖകൻ) പറയുന്നു, എന്റെ വല്യുപ്പാക്ക് രണ്ട് ആൺമക്കളായിരുന്നു, ഒരാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ), (അതായത് മിർസ ഗുലാം അഹ്മദ്(അ)) രണ്ടാമത്തെ വ്യക്തി എന്റെ മൂത്താപ്പ, അതായത് മിർസ ഗുലാം ഖാദിർ സാഹിബ്. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ) നേക്കാൾ മുതിർന്ന ആളായിരുന്നു. എന്റെ വല്യുപ്പ ഖാദിയാനിൽ രണ്ട് ഗ്രാമങ്ങൾ സ്ഥാപിച്ച് അവയ്ക്ക് തന്റെ മക്കളുടെ പേരുകൾ നൽകി. അതനുസരിച്ച് ഒന്നിന് ഖാദിറാബാദ് എന്നും മറ്റേതിന് അഹ്മദാബാദ് എന്നും പേരിട്ടു. അഹ്മദാബാദ് പിന്നീട് എങ്ങനെയോ നമ്മുടെ കുടുംബത്തിന്റെ കൈകളിൽ നിന്ന് നഷ്ടപ്പെട്ടു, ഖാദിറാബാദ് മാത്രം അവശേഷിച്ചു. ഖാദിറാബാദ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്തതികൾക്കിടയിൽ വിഭജിക്കപ്പെട്ടു, അതിൽ മിർസ സുൽത്താൻ അഹ്മദ്(റ) സാഹിബിന്റെ വിഹിതവും ഉൾപ്പെട്ടു. എന്നാൽ നമ്മുടെ കുടുംബത്തിൽ നിന്ന് നഷ്ടപ്പെട്ട് അന്യരുടെ കൈകളിലേക്ക് പോയ അഹ്മദാബാദ് ഏകദേശം നാല്പത് വർഷത്തിന് ശേഷം അല്ലാഹു ഇപ്പോൾ നമ്മുടെ പക്കൽ തിരിച്ചെത്തിച്ചിരിക്കുന്നു. ഇപ്പോൾ അത് പൂർണ്ണമായും ഞങ്ങൾ മൂന്ന് സഹോദരന്മാരുടെ പക്കലാണ്, അതായത് അതിൽ മിർസ സുൽത്താൻ അഹ്മദ്(റ) സാഹിബിന് പങ്കില്ല. ഖാദിറാബാദ് ഖാദിയാന് കിഴക്ക് വശത്തായും, അഹ്മദാബാദ് വടക്ക് വശത്തുമാണ് സ്ഥിതി ചെയ്യുന്നത്.

### ഒരു കൊച്ചുകുട്ടിയ്ക്കുള്ള സംശയ നിവാരണം

ഡോക്ടർ മിർ മുഹമ്മദ് ഇസ്മാഈൽ സാഹിബ് (എന്റെ അമ്മാവൻ) എന്നോട് വിവരിച്ചു: ഹദ്റത്ത് മസീഹ് മൗഊദ്(അ) ലുധിയാനയിൽ വെച്ച് മസീഹ് വാദം പ്രസിദ്ധീകരിച്ചപ്പോൾ ഞാൻ ചെറിയ കുട്ടിയായിരുന്നു, ഒരുപക്ഷേ മൂന്നാം ക്ലാസ്സിലായിരിക്കും പഠിച്ചിരുന്നത്. ഈ വാദത്തെക്കുറിച്ച് എനിക്ക് അറിവൊന്നുമുണ്ടായിരുന്നില്ല. ഒരു ദിവസം മദ്രസയിൽ പോയപ്പോൾ ചില കുട്ടികൾ എന്നോട് പറഞ്ഞു, നിങ്ങളുടെ വീട്ടിലുള്ള ഖാദിയാനിലെ മിർസ സാഹിബ് താൻ മസീഹാണെന്നും ഹദ്റത്ത് ഈസാ(അ) മരണപ്പെട്ടുവെന്നും വാദിക്കുന്നു. ഡോക്ടർ സാഹിബ് പറയുന്നു: ഇത് എങ്ങനെ സംഭവിക്കാനാണ്, ഈസാ(അ) ജീവിച്ചിരിക്കുകയല്ലേ, അദ്ദേഹം ആകാശത്ത് നിന്ന് ഇറങ്ങിവരുകയല്ലേ ചെയ്യുക എന്ന് പറഞ്ഞ് ഞാൻ അവരെ എതിർത്തു പറഞ്ഞു. ഏതായാലും ഞാൻ വീട്ടിലെത്തിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) അവിടെ ഇരിക്കുകയായിരുന്നു. ഞാൻ അദ്ദേഹത്തോട് ചോദിച്ചു: അങ്ങ് മസീഹാണെന്ന് വാദിക്കുന്നുവെന്ന് ഞാൻ കേട്ടു. ഡോക്ടർ സാഹിബ് പറയുന്നു: എന്റെ ഈ ചോദ്യം കേട്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) മൗനമായി എഴുന്നേറ്റ് മുറിക്കുള്ളിലെ അലമാരയിൽ നിന്ന് തന്റെ പുതിയ രചനയായ ഫത്ഹെ ഇസ്ലാം എന്ന പുസ്തകത്തിന്റെ ഒരു പ്രതി എടുത്ത് എനിക്ക് നൽകി, അത് വായിക്കാൻ എന്നോട് പറഞ്ഞു. ഡോക്ടർ സാഹിബ് പറയുന്നു: ഒരു ചെറിയ കുട്ടിയുടെ നിസ്സാരമായ ചോദ്യത്തോട് ഇത്രയും ഗൗരവത്തോടെയാണ് അദ്ദേഹം പ്രതികരിച്ചത്. ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസന്ധതയുടെ തെളിവാണ്, അല്ലാത്തപക്ഷം വെറുതെ എന്തെങ്കിലും പറഞ്ഞ് ഒഴിവാക്കുമായിരുന്നു.

### ബർക്കത്ത്

ഖാദി അമീർ ഹുസൈൻ സാഹിബ് എന്നോട് വിവരിച്ചു: തിരുനബി(സ)യുടെ മുടി സ്വഹാബികൾ ബർക്കത്തിന് വേണ്ടി സൂക്ഷിക്കാറുണ്ടായിരുന്നു എന്ന് ഞാൻ ഹദീസിൽ വായിച്ചിരുന്നു. ഈ ചിന്തയിൽ ഒരു ദിവസം ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞു: ഹുസൂർ, എനിക്ക് അങ്ങയുടെ കുറച്ച് മുടി നൽകി അനുഗ്രഹിക്കണം. അങ്ങനെ അദ്ദേഹം മുടി മുറിച്ചപ്പോൾ എനിക്ക് മുടി അയച്ചുതന്നു.

ഞാൻ (ലേഖകൻ) പറയുന്നു: എന്റെ പക്കലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുറച്ച് മുടി സൂക്ഷിച്ചിട്ടുണ്ട്.

### ഇമാമത്ത്

ഖാദി അമീർ ഹുസൈൻ സാഹിബ് എന്നോട് വിവരിച്ചു: മൗലവി സാഹിബ് (ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമൻ) ഖാദിയാനിൽ നിന്ന് പുറത്തുപോയ ഒരു ദിവസം മഗരിബ് നമസ്കാരത്തിന് ഞാൻ എത്തിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമസ്കാരത്തിന് ഇമാമത്ത് വഹിക്കുന്നത് ഞാൻ കണ്ടു. ഖാദി സാഹിബ് പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) രണ്ട് ചെറിയ സൂറത്തുകളാണ് ഓതിയത്, എന്നാൽ അത് പാരായണം ചെയ്യുമ്പോഴുള്ള ആർദ്രതയും വേദനയും കാരണം ആളുകൾ ഉച്ചത്തിൽ കരയാൻ തുടങ്ങി. നമസ്കാരം കഴിഞ്ഞ് ഞാൻ മുന്നോട്ട് വന്നപ്പോൾ എന്നെ കണ്ട ഉടനെ ഹുസൂർ(അ) പറഞ്ഞു:

• ഹദീഥുന്നബ്വി(സ) •
"അൽഅഅ്മാലു ബിൽ ഖവാതീമി"
കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.
ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്വി(സ) •
"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന
ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

• ഹദീഥുന്നബ്വി(സ) •
"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

'ഖാദി സാഹിബ്, ഞാൻ നിങ്ങളെ വളരെ തിരഞ്ഞു, പക്ഷേ കണ്ടില്ല. ഈ നമസ്കാരത്തിൽ എനിക്ക് വല്ലാത്തൊരു പ്രയാസം തോന്നി. ഇശാഅ് നമസ്കാരത്തിന് നിങ്ങൾ ഇമാമത്ത് വഹിക്കണം.'

(ഇത് പ്രാരംഭ കാലഘട്ടത്തിലെ സംഭവമായിരിക്കാം. ലേഖകൻ)

### ഒരു വഹ്‌യുടെ വ്യാഖ്യാനം

മൗലവി ശേർ അലി സാഹിബ് എന്നോട് വിവരിച്ചു: ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ കറംദീനുമായുള്ള കേസ് ഗുരുദാസ്പൂരിൽ നടന്നുകൊണ്ടിരുന്ന സമയത്ത് ഹുസൂർ(അ) അവിടെ പോയിരുന്നു. ഒരു ദിവസം എല്ലാവരും കോടതിയിലേക്ക് പോവുകയോ അല്ലെങ്കിൽ അങ്ങോട്ടുമിങ്ങോട്ടും മാറിക്കിടക്കുകയോ ചെയ്തതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്ത് ഞാനും മുഫ്തി സാദിഖ് സാഹിബും മാത്രമാണുണ്ടായിരുന്നത്. ഹുസൂർ(അ) കിടക്കുകയായിരുന്നു, ഉറങ്ങുകയാണെന്നാണ് തോന്നിയത്. അപ്പോഴേക്കും അദ്ദേഹം തലയുയർത്തി പറഞ്ഞു: എനിക്ക് വഹ്‌യ് ലഭിച്ചിട്ടുണ്ട്, എഴുതിയെടുക്കൂ. വാസ്തവത്തിൽ ആ സമയം അവിടെ പേനയോ മഷിയോ പെൻസിലോ ഉണ്ടായിരുന്നില്ല. ഒടുവിൽ അടുക്കളയിൽ നിന്ന് ഞങ്ങൾ ഒരു കരിക്കട്ട കൊണ്ടുവന്നു, അത് ഉപയോഗിച്ച് മുഫ്തി സാഹിബ് കടലാസിൽ എഴുതി. ഹുസൂർ(അ) വീണ്ടും അതേപോലെ കിടന്നു. അല്പസമയത്തിന് ശേഷം വീണ്ടും വഹ്‌യ് എഴുതിച്ചു. അങ്ങനെ ആ സമയത്ത് ഹുസൂർ(അ) ചില വഹ്‌യുകൾ എഴുതിച്ചു. മൗലവി സാഹിബ് പറഞ്ഞു: അതിലൊന്ന് എനിക്ക് ഓർമ്മയുണ്ട്:

يَسْأَلُونَكَ عَنْ شَأْنِكَ قُلِ اللّٰهُ ثُمَّ ذَرْهُمْ فِي خَوْضِهِمْ يَلْعَبُونَ

(നിന്റെ മഹത്വത്തെക്കുറിച്ച് അവർ ചോദിക്കുന്നു, അവരോട് പറയുക; അല്ലാഹു, പിന്നീട് അവരെ അവരുടെ വ്യർത്ഥമായ സംസാരങ്ങളിൽ വിട്ടേക്കുക.)

പിറ്റേദിവസം കോടതിയിൽ ഹാജരായപ്പോൾ, എതിർകക്ഷിയിലെ വക്കീൽ മറ്റ് ചോദ്യങ്ങൾക്കൊപ്പം ഇതും ചോദിച്ചു: നിങ്ങളുടെ തുഹ്ഫ ഗോൾഡവിയ എന്ന പുസ്തകത്തിൽ നിങ്ങളെക്കുറിച്ച് എഴുതിയിരിക്കുന്നത്... എന്ന് പറഞ്ഞ് ആ പുസ്തകത്തിൽ നിന്ന് തന്റെ മഹത്വത്തെക്കുറിച്ച് അങ്ങേയറ്റം ശക്തമായ വാക്കുകളിൽ എഴുതിയ ഭാഗം വായിച്ചുകേൾപ്പിച്ചു. നിങ്ങൾ യഥാർത്ഥത്തിൽ നിങ്ങളെക്കുറിച്ച് ഇത്ര വലിയ സ്ഥാനമാണോ കരുതുന്നത്? എന്ന് ചോദിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: അതെ, ഇത് അല്ലാഹുവിന്റെ അനുഗ്രഹമാണ്.

അല്ലാഹുവിനോട് ചേർത്ത് പറഞ്ഞുകൊണ്ട് ഹുസൂർ(അ) സദൃശ്യമായ എന്തോ അത്തരമൊരു വാക്ക് പറഞ്ഞു. മൗലവി സാഹിബ് പറഞ്ഞു: ആ ചോദ്യോത്തരങ്ങൾ തനിക്ക് ലഭിച്ച വഹ്‌യിനെ പിൻപറ്റിക്കൊണ്ടാണെന്ന് അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് തോന്നിയതേയില്ല. പിന്നീട് ഗുരുദാസ്പൂരിൽ നിന്ന് ഖാദിയാനിലേക്ക് മടങ്ങുന്ന വഴിയിൽ, ഞാൻ റോഡിലെ തിരിവിൽ വെച്ച് ഹുസൂർ(അ)നെ സമീപിച്ച് പറഞ്ഞു: ഹുസൂർ, ആ ചോദ്യോത്തരങ്ങളിൽ ഹുസൂറിന്റെ ആ വഹ്‌യ് പുലർന്നിട്ടുണ്ടെന്നാണ് ഞാൻ കരുതുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) വളരെ സന്തോഷത്തോടെ പറഞ്ഞു: അതെ, വാസ്തവത്തിൽ അത് അങ്ങനെ തന്നെയാണ്, നിങ്ങൾ വളരെ ശരിയായിത്തന്നെയാണ് മനസ്സിലാക്കിയിത്.

മൗലവി ശേർ അലി സാഹിബ് പറഞ്ഞു: അതിന് കുറച്ചു ദിവസങ്ങൾക്ക് ശേഷം ശൈഖ് യഅ്ഖൂബ് അലി ഇർഫാനി സാഹിബ് എന്നോട് പറഞ്ഞു, മറ്റൊരു അവസരത്തിലും ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ വഹ്‌യിനെ മൗലവി ശേർ അലി വളരെ നന്നായി വ്യാഖ്യാനിച്ചിട്ടുണ്ട് എന്ന് പറഞ്ഞ് സന്തോഷം പ്രകടിപ്പിച്ചിരുന്നു.

(ഈ വിവരണത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തുഹ്ഫ ഗോൾഡവിയ എന്ന പുസ്തകത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഇതിനെക്കുറിച്ച് പറയാനുള്ളത്, ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹഖീഖത്തുൽ വഹ്‌യ് എന്ന പുസ്തകത്തിൽ തുഹ്ഫ ഗോൾഡവിയക്ക് പകരം തിരിയാഖുൽ ഖുലൂബ് എന്നാണ് എഴുതിയിരിക്കുന്നത്. എന്നാൽ, വാസ്തവത്തിൽ ഇക്കാര്യത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ധാരണാ പിശക് സംഭവിച്ചതാണ്. കാരണം കോടതിയിൽ ചോദിച്ചത് തിരിയാഖുൽ ഖുലൂബ് എന്നല്ല, തുഹ്ഫ ഗോൾഡവിയ എന്ന പുസ്തകത്തെക്കുറിച്ചായിരുന്നു.)

## ജാമിഅ അഹ്മദിയ്യാ ഖാദിയാൻ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു!

**കോഴ്സുകൾ: 1. മുറബ്ബി കോഴ്സ് (ഏഴ് വർഷത്തെ കോഴ്സ്), 2. ഷോർട്ട് ടേം മുഅല്ലിം കോഴ്സ്**

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തിരുഹസ്തങ്ങളാൽ സ്ഥാപിതമായ പരിശുദ്ധമായ സ്ഥാപനമാണ് ജാമിഅ അഹ്മദിയ്യാ ഖാദിയാൻ. അവിടെനിന്നും നൂറുകണക്കിന് പണ്ഡിതന്മാരും മുബല്ലിഗ്മാരും പഠനം പൂർത്തിയാക്കി ലോകത്തിന്റെ വിവിധ കോണുകളിൽ ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ എത്തിക്കുന്നതിനുള്ള മഹത്തായ സേവനം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു തആലാ ബിനസ്‌രിഹിൽ അസീസ്) പല അവസരങ്ങളിലും അഹ്മദികളായ വിദ്യാർത്ഥികളോട്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ധാർമിക പാഠശാലയിൽ ചേർന്ന് പഠനം പൂർത്തിയാക്കി ജമാഅത്തിനെ സേവിക്കാൻ ഉണർത്തിയിട്ടുണ്ട്. അതുകൊണ്ട്, സയ്യിദുനാ ഹുസൂർ തിരുമനസ്സിന്റെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ വാഖിഫീനെ നൗ വിദ്യാർത്ഥികളും അല്ലാത്തവരും ജാമിഅ അഹ്മദിയ്യായിൽ പ്രവേശം നേടി ജമാഅത്തിന്റെ സേവനത്തിനായി മുന്നോട്ട് വരേണ്ടതാണ്.

സയ്യിദുനാ ഹുസൂർ തിരുമനസ്സിന്റെ അംഗീകാരത്തോടെ ഈ വർഷം ജാമിഅ അഹ്മദിയ്യായിൽ ഏപ്രിൽ 1 മുതൽ (ഏഴ് വർഷത്തെ മുറബ്ബി കോഴ്സ്, ഷോർട്ട് ടേം മുഅല്ലിം കോഴ്സ്, മദ്റസത്തുൽ ഹിഫ്ള് എന്നിവയിലേക്ക്) പ്രവേശന നടപടികൾ ആരംഭിച്ചിരിക്കുന്നു. മെട്രിക് (പത്താം ക്ലാസ്) അല്ലെങ്കിൽ +2 പരീക്ഷകൾ പൂർത്തിയാക്കിയവരും ജാമിഅയിലോ മുഅല്ലിം കോഴ്സിലോ ചേരാൻ ആഗ്രഹിക്കുന്നവരുമായ വിദ്യാർത്ഥികൾ വഖ്ഫെ നൗ ഭാരത് വിഭാഗവുമായോ നിസാറത്തെ തഅ്ലീമുമായോ ബന്ധപ്പെടുക. എത്രയും വേഗം അപേക്ഷാ ഫോമുകൾ പൂരിപ്പിച്ച് വഖ്ഫെ നൗ ഭാരത് (നിസാറത്തെ തഅ്ലീം) ഓഫീസിലേക്ക് അയക്കേണ്ടതാണ്.

**അഡ്മിഷൻ നിബന്ധനകൾ** :

മെട്രിക് പാസ്സായവർക്ക് പ്രായപരിധി 17 വയസ്സും +2 പാസ്സായവർക്ക് 19 വയസ്സുമാണ്. ഹാഫിസുകൾക്ക് (ഖുർആൻ മന:പാഠമാക്കിയവർക്ക്) പ്രായപരിധിയിൽ പ്രത്യേക ഇളവ് നൽകുന്നതാണ്.

പ്രവേശനത്തിനായി നാഷണൽ കരിയർ പ്ലാനിംഗ് കമ്മിറ്റി വഖ്ഫെ നൗ ഭാരത് വിദ്യാർത്ഥികളെ ഇൻറർവ്യൂവിനും എഴുത്തുപരീക്ഷയ്ക്കും വിധേയമാക്കുകയും യോഗ്യരായവരെ തിരഞ്ഞെടുക്കുകയും ചെയ്യും. വിശുദ്ധ ഖുർആൻ, ഇസ്‌ലാം, അഹ്മദിയ്യത്ത്, മതപരമായ അറിവുകൾ, ഉറുദു, ഇംഗ്ലീഷ്, ജനറൽ നോളജ് എന്നിവയെ ആസ്പദമാക്കിയായിരിക്കും എഴുത്തുപരീക്ഷ.

എഴുത്തുപരീക്ഷയിലും ഇൻറർവ്യൂവിലും വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ഖാദിയാൻ നൂർ ഹോസ്പിറ്റലിൽ മെഡിക്കൽ പരിശോധന ഉണ്ടായിരിക്കും. ഇതിലെല്ലാം വിജയിക്കുന്നവർക്ക് സയ്യിദുനാ ഹുസൂർ തിരുമനസ്സിന്റെ അംഗീകാരത്തോടെ ജാമിഅയിൽ പ്രവേശനം നൽകുന്നതാണ്.

വിവാഹിതർ/ബിരുദധാരികൾ എന്നിവർക്ക് ഷോർട്ട് ടേം മുഅല്ലിം കോഴ്സിന്റെ കാലാവധി രണ്ടര വർഷമാണ് (24 മാസം പഠനവും 6 മാസം ട്രെയിനിംഗും). മെട്രിക്/+2 മാത്രം പാസ്സായവർക്ക് ഇത് മൂന്നര വർഷമായിരിക്കും (3 വർഷം പഠനവും 6 മാസം ട്രെയിനിംഗും).

<u>അപേക്ഷാ ഫോമിന് താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടുക:</u>

WAQFENAU DEPARTMENT (NAZARAT TALEEM), DARUL BALAGH,
CIVIL LINE, QADIAN DISTT: GURDASPUR, PUNJAB (INDIA) PIN: 143516
CONTACT: 01872-500975, Email: qdnwaqfenau@gmail.com

(പ്രസിഡൻറ്, നാഷണൽ കരിയർ പ്ലാനിംഗ് കമ്മിറ്റി വഖ്ഫെ നൗ ഭാരത്)

## 131-ാമത് ജൽസ സാലാന ഖാദിയാൻ

**2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ)**

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) 131-ാമത് ജൽസ സാലാന ഖാദിയാൻ 2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു. സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കേണ്ടതാണ്. അല്ലാഹു പരമാവധി ജമാഅത്ത് അംഗങ്ങൾക്ക് ഈ ദൈവിക ജൽസയിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകട്ടെ. കൂടാതെ, ജൽസയിൽ പങ്കെടുക്കുന്നവർക്കായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്തിട്ടുള്ള ദു:ആകൾക്ക് നമ്മെ എല്ലാവരെയും അർഹരാക്കുമാറാകട്ടെ. ആമീൻ.

NAZIR ISLAH-O-IRSHAD MARKAZIA, QADIAN

EDITOR
H.Shamsuddin
Mobile : +91 99460 21252
Sub Editor : Mohammad Ismail
e-mail : badarmalayalam@gmail.com
Layout: HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
Vol-11 Issue:26

POSTAL REG NO GDP-44/2026-28 **Thursday 25 June 2026**

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

## സീറത്തുന്നബി(സ)

വിവ: അബൂസ്വബാഹ്

ഹദീസുകളുടെയും സീറത്തിന്റെയും നിവേദനങ്ങൾക്കായി മാനദണ്ഡങ്ങൾ നിശ്ചയിക്കുമ്പോൾ എക്കാലത്തും ഒരു അടിസ്ഥാനപരമായ വ്യത്യാസം പുലർത്തിയിരുന്നു, ഇത് തികച്ചും ഉചിതവുമാണ്. ഹദീസുകൾ മതത്തിന്റെ അടിസ്ഥാനമായി മാറേണ്ടവയായിരുന്നു എന്നതുകൊണ്ട് തന്നെ, ദുർബലമായ നിവേദനങ്ങൾ ഹദീസ് സമാഹാരത്തിൽ കടന്നുകൂടി മതത്തിൽ ആശയക്കുഴപ്പങ്ങൾ ഉണ്ടാകാതിരിക്കാൻ സ്വാഭാവികമായും വളരെ കർശനമായ മാനദണ്ഡങ്ങൾ ആവശ്യമായിരുന്നു. എന്നാൽ സീറത്തിലും ചരിത്രത്തിലും ഈ വശം അത്ര വലിയ ഭീഷണിയായിരുന്നില്ല. മറിച്ച്, ചരിത്രപരമായ വിവരങ്ങൾ അടിസ്ഥാനപരമായി ശേഖരിക്കുകയും പിന്നീട് സ്ഥാപിതമായ മാനദണ്ഡങ്ങൾക്കനുസരിച്ച് അവ പരിശോധിക്കുകയുമാണ് വേണ്ടത് എന്നതായിരുന്നു പ്രധാനപ്പെട്ട കാര്യം.

ഇക്കാരണത്താൽ, ഇസ്‌ലാമിക ഹദീസ് ഗ്രന്ഥങ്ങളിലെ നിവേദനങ്ങളുടെ മൊത്തത്തിലുള്ള സ്ഥാനം സീറത്ത്, മഗാസി തുടങ്ങിയവയെ അപേക്ഷിച്ച് വളരെ ഉയർന്നതാണ്. ഇത് ഒരു പോരായ്മയല്ല, മറിച്ച് ഏറ്റവും മികച്ച നടപടിയായിരുന്നു; കാരണം ഒരു വശത്ത് മതം ആഭ്യന്തരമായ കുഴപ്പങ്ങളിൽ നിന്നും വ്യതിയാനങ്ങളിൽ നിന്നും സംരക്ഷിക്കപ്പെട്ടു, മറുവശത്ത് ചരിത്രം പൂർണ്ണമായും സൂക്ഷിക്കപ്പെടുകയും ചെയ്തു. ചരിത്ര ശേഖരണത്തിന് ഈ നയം ഏറ്റവും അനുയോജ്യമാണെന്ന് ആലോചിച്ചാൽ വ്യക്തമാകും. ഭാവിയിലെ ഗവേഷണങ്ങൾക്കായി ഒരു അടിസ്ഥാന ശേഖരം നിലനിർത്തുക എന്ന ഉദ്ദേശത്തോടെ, ഒരു നിവേദനം തികച്ചും തെറ്റാണെന്ന് തെളിയാത്ത പക്ഷം അത് സ്വീകരിക്കുന്നതാണ് ഉചിതം. എന്നാൽ ഹദീസുകളുടെ കാര്യത്തിൽ ഈ നയം തീർച്ചയായും ദോഷകരമായിരിക്കും. തെരഞ്ഞെടുക്കപ്പെടുന്നവയെല്ലാം ഉറപ്പുള്ളതും പൂർണ്ണമായും വിശ്വസനീയവുമാണെന്ന് ഉറപ്പാക്കാൻ കർശനമായ മാനദണ്ഡങ്ങൾ പാലിക്കേണ്ടത് ആവശ്യമായിരുന്നു.

ഇതിനർത്ഥം ഹദീസ് ശേഖരങ്ങൾ പൂർണ്ണമായും പിശകുകളിൽ നിന്ന് മുക്തമാണെന്നോ, സീറത്ത്/ചരിത്ര ഗ്രന്ഥങ്ങൾ പൂർണ്ണമായും ദുർബല നിവേദനങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണെന്നോ അല്ല. മറിച്ച്, ഹദീസ് നിവേദനങ്ങളുടെ നിലവാരം പൊതുവെ സീറത്തിനെയും ചരിത്രത്തെയും അപേക്ഷിച്ച് വളരെ ഉയർന്നതാണ് എന്ന് സൂചിപ്പിക്കാനാണ്. ഇക്കാരണത്താൽ, കൂടുതൽ ഗവേഷണതൽപരരായ മുസ്‌ലിം ചരിത്രകാരന്മാർ സീറത്തും ചരിത്രവും ക്രോഡീകരിക്കുമ്പോൾ, മതപരമായ വിധികളുടെ വിഭാഗത്തിൽ ഹദീസ് ഗ്രന്ഥങ്ങളിൽ കാണുന്ന നിവേദനങ്ങൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. ഈ ഗ്രന്ഥത്തിന്റെ രചയിതാവും ഈ കൃതിയിൽ ഇതേ രീതിയാണ് പിന്തുടർന്നിട്ടുള്ളത്.

### ഹദീസ് നിവേദന തത്വങ്ങളെക്കുറിച്ചുള്ള പുസ്തകങ്ങൾ

മുസ്‌ലിംകൾ കണ്ടുപിടിച്ചതും രിവായത്തിന്റെയും ദിറായത്തിന്റെയും തത്വങ്ങൾ ഉൾക്കൊള്ളുന്നതുമായ നിവേദന വിജ്ഞാനത്തെ പൊതു വെ ഭഇൽമു ഉസൂലിൽ ഹദീസ്ഭ എന്ന് വിളിക്കുന്നു. ഈ വിജ്ഞാന ശാഖയുമായി ബന്ധപ്പെട്ട് മുൻകാല പണ്ഡിതന്മാരുടെയും പിൻകാല പണ്ഡിതന്മാരുടെയും അനേകം കൃതികൾ ലഭ്യമാണ്. എങ്കിലും, ഇന്ന് പ്രശസ്തവും നിലവിൽ ഉപയോഗത്തിലിരിക്കുന്നതുമായ പുസ്തകങ്ങൾ പ്രധാനമായും മുൻകാല പണ്ഡിതന്മാരുടെ രചനകളുടെ സംഗ്രഹങ്ങളാണ്. അവ താഴെ പറയുന്നവയാണ്:

- **ഉലൂമുൽ ഹദീസിൽ മഅ്‌റൂഫ്** (ഇബ്നു സ്വലാഹിന്റെ ആമുഖത്തോടെ): ഹജ്റ് 643ൽ അന്തരിച്ച ഹാഫിസ് അബൂ അംറ് ഉസ്മാൻ ബിൻ അബ്ദുർറഹ്മാൻ (ഇബ്നു സ്വലാഹ് എന്ന് അറിയപ്പെടുന്നു) ആണ് ഇതിന്റെ രചയിതാവ്.
- **ഫത്ഹുൽ മുഗീസ് ഫീ ഉസൂലിൽ ഹദീസ്:** ഹജ്റ് 805ൽ അന്തരിച്ച ഹാഫിസ് സൈനുദ്ദീൻ അബ്ദുർറഹീം ബിൻ അൽഹുസൈൻ അൽഇറാഖിയാണ് ഇതിന്റെ രചയിതാവ്.
- **ശർഹുൽ ഫിയ്യത്തിൽ ഇറാഖി ഫീ ഉസൂലിൽ ഹദീസ്:** ഹജ്റ് 902ൽ അന്തരിച്ച മുഹമ്മദ് ബിൻ അബ്ദുർറഹ്മാൻ അസ്സഖാവിയാണ് ഇതിന്റെ രചയിതാവ്.
- **മൗളൂആത്തെ കബീർ**: ഹജ്റ് 1016ൽ അന്തരിച്ച നൂറുദ്ദീൻ മുല്ല അലി ബിൻ മുഹമ്മദ് സുൽത്താൻ അൽഖാരിയാണ് ഇതിന്റെ രചയിതാവ്

രിവായത്തിന്റെയും ദിറായത്തിന്റെയും തത്വങ്ങൾ ഈ പുസ്തകങ്ങളിൽ പൂർണ്ണമായ വിശദാംശങ്ങളോടെ പ്രതിപാദിച്ചിരിക്കുന്നു. ഈ വിഷയത്തിന്റെ എല്ലാ വശങ്ങളും അനേകം ഉദാഹരണങ്ങളോടെ വിശദീകരിച്ചിട്ടുണ്ട്. അവസാനമായി പറഞ്ഞ പുസ്തകം യഥാർത്ഥത്തിൽ വ്യാജ നിവേദനങ്ങളെക്കുറിച്ചുള്ളതാണ്, എങ്കിലും അതിൽ ഹദീസ് തത്വങ്ങളും ചർച്ച ചെയ്യപ്പെടുന്നുണ്ട്.

ഹദീസ് സാങ്കേതിക പദങ്ങൾ

ഹദീസ് ശാസ്ത്രത്തിൽ (ഇൽമു ഉസൂലിൽ ഹദീസ് അല്ലെങ്കിൽ ഇൽമു രിവായത്ത്) പ്രത്യേകം ശ്രദ്ധിക്കേണ്ട രണ്ട് അനുബന്ധ വിജ്ഞാന ശാഖകളുണ്ട്. അവ 'ഇൽമു മുസ്തലഹാത്തിൽ ഹദീസ്' എന്നും 'ഇൽമു അസ്മാഉർ രിജാൽ' എന്നും അറിയപ്പെടുന്നു. ഇതിൽ ആദ്യത്തേത് ഹദീസ് പദാവലികളെ (Phraseology of Ḥadīth) കൈകാര്യം ചെയ്യുന്നു. വിവിധ ഹദീസുകളെ അവയുടെ ഗണങ്ങൾക്കനുസരിച്ച് തരംതിരിക്കുന്നതിനുള്ള അടിസ്ഥാനത്തെക്കുറിച്ച് ഇത് വിശദീകരിക്കുന്നു. ഹദീസുകളെ തരംതിരിക്കുന്ന തലക്കെട്ടുകളെക്കുറിച്ചും, ഒരു വിഭാഗത്തിന് മറ്റൊന്നിനേക്കാൾ എത്രത്തോളം പ്രാധാന്യമുണ്ടെന്നും ഇത് വ്യക്തമാക്കുന്നു. ഈ ശാസ്ത്രമനുസരിച്ച് വിവിധ വീക്ഷണകോണുകളിൽ നിന്ന് ഹദീസുകളെ പലതായി തരംതിരിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്:

***** മുതവാതിർ, മശ്ഹൂർ, അസീസ്, ഗരീബ്, ശാദ്, മുൻകർ, സ്വഹീഹ്, ഹസൻ, ളഈഫ്, മത്റൂക്ക്, മൗളൂഅ്, മർഫൂഅ്, മൗകൂഫ്, മഖ്തൂഅ്, മുത്തസ്വിൽ, മുൻഖത്വിഅ്, മുർസൽ, മുഅ്ദൽ, മുഅല്ലൽ, മുദല്ലസ്, മുളതരിബ്, മുദർറജ്, ഖൗലി, ഫിഅ്ലി, തഖ്രീരി, ഖുദ്സി തുടങ്ങിയവ.***

ഈ വിഷയത്തിൽ നിരവധി പുസ്തകങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്, എങ്കിലും ഏറ്റവും പരിചിതവും സാധാരണയായി ഉപയോഗിക്കപ്പെടുന്നതുമായ കൃതികൾ താഴെ പറയുന്നവയാണ്:

1. **നുസ്ഹത്തുൻ നളർ ഫീ തൗളീഹി നുഖ്ബത്തിൽ ഫിക്ർ** : അബുൽ ഫള്ൽ അഹ്മദ് ബിൻ ഹജർ അസ്ഖലാനി (മരണം: ഹിജ്റ് 85) ആണ് ഇതിന്റെ രചയിതാവ്.
2. **അൽയവാഖീതു വദ്ദുറർ :** ശൈഖ് അബ്ദുർറഊഫ് അൽമുനാദി (മരണം: ഹജ്റ് 1031) ആണ് ഇതിന്റെ രചയിതാവ്.

(തുടരും)

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...
(www.akhbarbadr.in)
The Weekly BADR Qadian
(Malayalam)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin